# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ജൂൺ 2024 | വാല്യം 51 ലക്കം 3 | പേജ് 12 | വില 10.00 രൂപ

**UNITY** Monthly | June 2024 | Volume 51 Issue 3 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00


## ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം:
# ജനവിരുദ്ധനയങ്ങൾക്കും വർഗ്ഗീയ രാഷ്ട്രീയത്തിനും തിരിച്ചടി നൽകിയ ജനവിധി

**ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും നിർണായകം എന്ന് വിശേഷിക്കപ്പെട്ട പാർലമെന്റ് തിരഞ്ഞെടുപ്പാണ് കഴിഞ്ഞുപോയത്. രാഷ്ട്രസങ്കൽപ്പത്തിന്റെ അടിസ്ഥാന ശിലകളെ സംരക്ഷിക്കുവാൻ നടത്തുന്ന അവസാന പരിശ്രമം എന്ന നിലയിൽ ഈ തിരഞ്ഞെടുപ്പിനെ കണ്ടവരുണ്ട്. കഴിഞ്ഞ 10 വർഷംകൊണ്ട് ഇന്ത്യയിലെ സാധാരണ ജനങ്ങളുടെ ജീവിതത്തെ സർവ്വാർത്ഥത്തിലും തകർത്ത, അവരുടെ അധ്വാനഫലം ഒരുപിടി കോർപ്പറേറ്റുകളുടെ കരങ്ങളിലെത്തിച്ച, സമ്പത്തിന്റെ വിതരണത്തിലെ അസമത്വം ഭീതിദമായി വർദ്ധിപ്പിച്ച, ഭരണസംവിധാനങ്ങളെയെല്ലാം സ്വന്തം വരുതിയിലേക്ക് കൊണ്ടുവന്ന നരേന്ദ്രമോദി സർക്കാർ വർദ്ധിതവീര്യത്തോടെ അതേ കാര്യങ്ങൾ ആവർത്തിക്കുന്നതു തടയാൻ ആ ഭരണത്തെ നിഷ്ക്കാസനം ചെയ്യുക എന്ന ആവശ്യകതയായിരുന്നു ഈ തിരഞ്ഞെടുപ്പിനെ നിർണ്ണായകമാക്കിയത്.**

**ഒ**രു നീണ്ട തിരഞ്ഞെടുപ്പു പ്രക്രിയയുടെ ഒടുവിൽ മൂന്നാം വട്ടവും അതേ സർക്കാർ അതേ വ്യക്തിയുടെ നേതൃത്വത്തിൽ അധികാരത്തിലെത്തിയിരിക്കുന്നു. പക്ഷെ, 'അബ് കി ബാർ, ചാർ സൗ പാർ' എന്ന വീരവാദം ചീറ്റിപ്പോയെന്നു മാത്രമല്ല, ഒറ്റയ്ക്ക് ഭരിക്കാനുള്ള ഭൂരിപക്ഷം പോലും ഈ സ്വയം പ്രഖ്യാപിത ദൈവത്തിന് ലഭിച്ചില്ല. എന്തായാലും കഴിഞ്ഞ തവണ നേടിയ 303 സീറ്റുകളിൽനിന്ന് 63 എണ്ണം കുറഞ്ഞ് ഒറ്റയ്ക്കു ഭൂരിപക്ഷം നേടുന്നതിൽനിന്നു ബിജെപിയെ തടഞ്ഞ ഇന്ത്യൻ ജനത അഭിനന്ദനമർഹിക്കുന്നു. ഭൂരിപക്ഷത്തിൽ 2 ലക്ഷത്തിലധികം വോട്ടിന്റെ കുറവുണ്ടായ മോദിയുടെ വാരണാസി ഉൾപ്പടെ അവർ ജയിച്ച 92 മണ്ഡലങ്ങളിൽ കഴിഞ്ഞ തവണത്തേക്കാൾ വളരെ കുറഞ്ഞ വോട്ടുമാത്രമേ നേടാൻ കഴിഞ്ഞിട്ടുള്ളൂ. കഴിഞ്ഞ തവണത്തേക്കാൾ ബിജെപിക്ക് വോട്ട് വർദ്ധിച്ചത് കേവലം 27 സീറ്റിൽ മാത്രമാണ്. ആ അളവിൽ ബിജെപിയെ സംബന്ധിച്ചിടത്തോളം ഈ ഫലം ഒരു തിരിച്ചടിയാണ്. തിരഞ്ഞെടുപ്പിന് തലേന്നാൾവരെ എതിർ ക്യാമ്പിലായിരുന്ന, 50 ദിവസം ജയിലിലിട്ട ചന്ദ്രബാബുനായിഡുവിനെയും മോദിയെ സ്ഥാനഭ്രഷ്ടനാക്കാൻ ഉത്സാഹം കാണിച്ച നിതീഷ് കുമാറിനെയും കൂട്ടുപിടിച്ചാണ് വീണ്ടും ഭരണാധികാരം കൈക്കലാക്കിയിരിക്കുന്നത്. ഒറ്റയ്ക്ക് ഭൂരിപക്ഷം ഇല്ലാത്തതിനാലും കറതീർന്ന അവസരവാദികളും വിലപേശൽ വിശാരദന്മാരുമായ രണ്ട് സഖ്യകക്ഷികൾ പിൻസീറ്റിൽ ഉണ്ടെന്നതിനാലും മൂന്നാം മോദിസർക്കാർ കൂടുതൽ നിയന്ത്രണങ്ങൾക്ക് വിധേയമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നവർ പോലുമുണ്ട്. പാർലമെന്ററി സൗഭാഗ്യങ്ങൾക്കായി എന്തു നെറിവുകേട് കാട്ടാനും മുതിരുന്നവരുടെ കൂടാരമായി മുതലാളിത്ത ജനാധിപത്യം മാറിയിട്ടുള്ളതിനാൽ രാഷ്ട്രീയ സദാചാര രാഹിത്യം കൂടുതൽ ദുർഗന്ധം പരത്താനേ സാധ്യതയുള്ളൂ.

### തിരഞ്ഞെടുപ് ജയത്തിനായി ബിജെപി ഒരുക്കിയ സർവ്വസന്നാഹങ്ങളെയും പിന്നിലാക്കി ജനജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ ഉയർന്നുവന്നു

അനായാസം ജയിച്ചു കയറാനുള്ള സകല തയ്യാറെടുപ്പും നടത്തിയായിരുന്നു ബിജെപി തിരഞ്ഞെടുപ്പു ഗോദയിലേക്കിറങ്ങിയത്. ജനാധിപത്യമര്യാദകളുടെയും വഴക്കങ്ങളുടെയും നീതിബോധത്തിന്റെയും ധാർമികതയുടെയും ഭരണപരമായ നിഷ്പക്ഷതയുടെയും നിയമവാഴ്ചയുടെയും സകല അതിരുകളും ലംഘിച്ചുകൊണ്ടായിരുന്നു അവർ തിരഞ്ഞെടുപ്പിന് തയ്യാറെടുത്തത്. ഭരണാധികാരത്തിന്റെ എല്ലാശക്തിയുംപ്രയോഗിച്ചുകൊണ്ട്, രാഷ്ട്രീയ എതിരാളികളെ വളഞ്ഞിട്ട് പൂട്ടി. രാജ്യത്തെ എൻഫോഴ്സ്മെന്റ് സംവിധാനങ്ങളായ ഇഡി, ഇൻകം ടാക്സ് വകുപ്പ്, സിബിഐ തുടങ്ങിയവയെ ഉപയോഗിച്ച് രാഷ്ട്രീയ എതിരാളികളെ കേസിൽ കുടുക്കുകയും ജയിലിലടയ്ക്കുകയുംചെയ്തു. രണ്ട് മുഖ്യമന്ത്രിമാരെ തുറുങ്കിലടച്ച് പ്രചാരണ രംഗത്തുനിന്ന് അവരെ നിശേഷം ഒഴിവാക്കി. ഭീഷണികളിലൂടെ എതിർ ക്യാമ്പിലെ ഉന്നതന്മാരെ പോലും കാലുമാറ്റി കൂടെച്ചേർത്തു. പാർട്ടികളെ ഒന്നാകെ വലവീശിപിടിച്ചു. ചിലരെ എതിർ ക്യാമ്പിലെ വോട്ട് പിളർത്താനും ഉപയോഗിച്ചു. അന്തരിച്ച ചരൺസിംഗിന്റെ പാർട്ടിയുൾപ്പടെയുള്ളവയെ കൂടെക്കൂട്ടുന്നതിനായി ഭാരതപുരസ്കാരങ്ങൾ വരെ ഉപയോഗപ്പെടുത്തി. ഓപ്പറേഷൻ താമര വഴി എതിർ പാർട്ടികളിലെ 400ഓളം എംഎൽഎമാരെയും എംപിമാരെയും വൻതുക നൽകി കന്നുകാലികളെപ്പോലെ വിലയ്ക്കെടുത്തു. അതുവഴി, ബിജെപിയെ പരാജയപ്പെടുത്തിയ ജനങ്ങളെ പറ്റിച്ച് അഞ്ചു സംസ്ഥാനങ്ങളിൽ ഭരണം പിടിച്ചു. ബിജെപിയിലേക്ക് നേതാക്കളുടെ ഒഴുക്ക് എന്ന വാർത്ത ആഴ്ചകളോളം മാധ്യമങ്ങളിൽ നിറച്ചു നിർത്തി. പ്രതിപക്ഷകക്ഷികളുടെ അക്കൗണ്ട് മരവിപ്പിച്ചു. നിഷ്പക്ഷമായി തിരഞ്ഞെടുപ്പ് നടത്തേണ്ട ഇലക്ഷൻ കമ്മീഷനെ, നിയമന പ്രക്രിയയിൽ അട്ടിമറി നടത്തി

(ശേഷം 4–ാം പേജിൽ)

# വിദ്യാഭ്യാസത്തിന്റെ അന്തഃസത്ത വീണ്ടെടുക്കാൻ കരുത്തുറ്റ പ്രക്ഷോഭം പടുത്തുയർത്തുക

**വിജ്ഞാന ശാസ്ത്രത്തിന്റെ സർവ്വാംശങ്ങളെയും നിരാകരിക്കുന്ന പുതിയ ദേശീയ വിദ്യാഭ്യാസനയം 2020(എൻഇപി 2020) എന്ന വിപത്ത് വ്യാപിക്കുകയാണ്. മറ്റെല്ലാ സംസ്ഥാനങ്ങളിലുമെന്നപോലെ കേരളത്തിലെയും വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനങ്ങളെ അത് പിഴുതെറിയാൻ തുടങ്ങിയിരിക്കുന്നു. പുതിയ അധ്യയന വർഷാരംഭത്തിൽത്തന്നെ കേരള സർക്കാർ പൊളിച്ചെഴുത്തു പദ്ധതികൾ ഒരുക്കി നീങ്ങുകയാണ്. കൊട്ടിഘോഷിക്കപ്പെടുന്ന പരിഷ്കാരങ്ങളുടെ എക്കാലത്തെയും ഏറ്റവും ഭീകരമായ ഒന്നാമത്തെ ഇര പ്രാഥമിക വിദ്യാഭ്യാസ മേഖല തന്നെ.**

**വി**ദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രാഥമികമായ അടിത്തറ മാതൃഭാഷാ സിദ്ധികളാണ് എന്നിരിക്കെ, പ്രാഥമികവിദ്യാഭ്യാസത്തിൽ അടിസ്ഥാന ഭാഷാജ്ഞാനം ഉറപ്പിക്കാത്തത് തുടർന്നുള്ളവിജ്ഞാന സമ്പാദനത്തിന് വിഘാതം സൃഷ്ടിക്കുന്നു. മുമ്പ് നടപ്പാക്കിയ വിദ്യാഭ്യാസവിരുദ്ധ പദ്ധതിയായ ഡിപിഇപിയുടെ തുടർച്ചയാണിത്. ഔപചാരിക വിദ്യാഭ്യാസത്തെ അത് അനൗപചാരികമാക്കി മാറ്റി. അതേ ബോധനരീതികൾ തന്നെയാണ് കേരളം ഇപ്പോഴും പിന്തുടരുന്നത്. കേന്ദ്ര ബിജെപി സർക്കാരും ഡിപിഇപിയുടെ പാതയിൽ വിദ്യാഭ്യാസത്തിന്റെ അടിത്തറ തകർക്കാൻ ദേശീയ വിദ്യാഭ്യാസ നയം 2020 കൊണ്ടുവന്നതോടെ കേരളത്തിലെ ഇടതുമുന്നണി സർക്കാർ വീണ്ടും അധ്യാപനത്തെ അഥവാ പഠിപ്പിക്കലിനെ ഒഴിവാക്കുന്ന സമീപനമാണ് കൈക്കൊള്ളുന്നത്. അതിനായി ഡിപിഇപി പാഠ്യപദ്ധതി കൊണ്ടുവന്ന ആശയാവതരണ രീതിയെ (അക്ഷരം–പദം–വാക്യം എന്നതിന് പകരം ആശയം–വാക്യം–പദം–അക്ഷരം എന്ന ക്രമത്തിൽ പഠിപ്പിക്കുന്ന രീതി) ഇന്നും ഇടതുമുന്നണി സർക്കാർ മുറുകെ പിടിക്കുന്നു. അക്ഷരമോ ഭാഷയോ നേരിട്ട് പഠിപ്പിക്കരുത് എന്നതാണല്ലോ ഈ ബോധന കാഴ്ചപ്പാടിന് ആധാരം.

**സമര വിജയം: നാലുവർഷ ഡിഗ്രി പിൻവലിച്ച് കർണ്ണാടക**




നാലുവർഷ ഡിഗ്രികോഴ്സ് പിൻവലിക്കുവാനാവശ്യപ്പെട്ടുകൊണ്ട് എഐഡിഎസ്ഒ കർണ്ണാടകയിൽ നടത്തിയ ശക്തമായ സമരം വിജയംവരിച്ചതിനെത്തുടർന്ന് ബംഗളൂരുവിൽ ചേർന്ന സംസ്ഥാനതല വിദ്യാർത്ഥി കൺവൻഷനിൽനിന്ന്...

കേരളത്തിന്റെ വിദ്യാഭ്യാസ അടിസ്ഥാനങ്ങളെ തകർത്തെറിഞ്ഞ അതിവികലമായ അത്തരം പരിഷ്കാരങ്ങൾക്കെതിരെ വിദ്യാഭ്യാസസ്നേഹികൾപ്രതിഷേധങ്ങളും

(ശേഷം 2–ാം പേജിൽ)

# വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും തകർക്കുന്ന 'ദേശീയ വിദ്യാഭ്യാസ നയം 2020' പിൻവലിക്കുക

(1–ാം പേജിൽ നിന്ന്)

പ്രക്ഷോഭങ്ങളും തുടരുകയാണെങ്കിലും തിരുത്തൽ വരുത്താൻ ഇടതുമുന്നണി സർക്കാർ ഇക്കാലമത്രയും തടസ്സം സൃഷ്ടിക്കുകയായിരുന്നു. അതുവഴി നിരക്ഷരരുടെ നവ കേരളത്തെ വാർത്തെടുക്കുകയാണ്പതിറ്റാണ്ടുകളായി ഭരണാധികാരികൾ ചെയ്തുകൊണ്ടിരിക്കുന്നത്.

## ഭാഷാബോധനം ഒന്നാം ക്ലാസ് മുതൽ ആരംഭിക്കാൻ ഇത്തവണയും തീരുമാനമില്ല

അക്ഷരാധിഷ്ഠിത ബോധനം ഒന്നാം ക്ലാസ് മുതൽ ആരംഭിക്കണമെന്ന ഭാഷാസ്നേഹികളുടെ നിരന്തരമായ നിവേദനങ്ങൾക്കൊടുവിൽ കഴിഞ്ഞ അധ്യയന വർഷം അക്ഷരമാല അച്ചടിക്കാൻ സർക്കാർ തീരുമാനിച്ചെങ്കിലും അക്ഷരം പഠിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നൽകിയില്ല. കാരണം, അധ്യാപകർ ക്ലാസ് മുറിയിൽ അക്ഷര ബോധനം നടത്താൻ പാടില്ല എന്നതാണ് ഡിപിഇപി ബോധനസമ്പ്രദായത്തിന്റെ വ്യവസ്ഥ. അതുകൊണ്ടുതന്നെ ദേശീയ വിദ്യാഭ്യാസ നയപ്രകാരം തയ്യാറാക്കപ്പെട്ട സ്കൂൾ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അന്തിമ റിപ്പോർട്ടിലും അക്ഷര ബോധനം എന്ന നിർദ്ദേശം ഇല്ല. പകരം മാതൃഭാഷാ പഠനത്തിൽ ഊന്നി എഴുത്തിലും വായനയിലുമുള്ള ശേഷി കുട്ടികൾക്ക് ഒന്ന്, രണ്ട് ക്ലാസ്സുകളിൽഉറപ്പാക്കണം എന്ന പൊതുവായ മാർഗ്ഗനിർദേശം മാത്രമാണ് കരിക്കുലം മാർഗ്ഗരേഖയിൽ എഴുതി ചേർത്തത്. അതിനർത്ഥം, ആശയ അവതരണ രീതിയിൽ ഇന്ന് നിലനിൽക്കുന്ന വികലമായ ബോധന സമ്പ്രദായം തുടരുമെന്നാണ്.

## ആൾ പ്രമോഷൻ മറ്റൊരു വെല്ലുവിളി

ഇത്തവണയും എസ്എസ്എൽസി വിജയം 99% ത്തിന് മുകളിൽ തന്നെയാണ് - 99.67%. കഴിഞ്ഞവർഷം 99.72% ആയിരുന്നു. പുനർ മൂല്യനിർണയവും സേ പരീക്ഷയും കൂടി കഴിയുമ്പോൾ 100 ശതമാനം വിജയമായി അത് പരിണമിക്കും. നിശ്ചിത നിലവാരം ആർജിക്കാത്തവരെയും ക്ലാസ്സ് കയറ്റി വിടുന്ന ആൾ പ്രമോഷൻ സമ്പ്രദായം തന്നെയാണത്. ഡിപിഇപി, എസ്എസ്എ തുടങ്ങിയ ലോകബാങ്കിന്റെ വിദ്യാഭ്യാസ പ്രോജക്ടുകൾ നമ്മുടെ സംസ്ഥാനത്ത് അടിച്ചേൽപ്പിച്ച ഉദാരമായ മൂല്യനിർണയം അക്ഷരമറിയാത്ത ലക്ഷക്കണക്കിന് വിദ്യാർത്ഥികളെയാണ് സൃഷ്ടിച്ചത്. ഇപ്പോൾ 100 മാർക്കിന്റെ പരീക്ഷയിൽ 20 മാർക്ക് നിരന്തര മൂല്യനിർണയം എന്ന പേരിൽ മിക്കവാറും നൽകി പോരുന്നു. അപ്പോൾ പിന്നെ കുട്ടിക്ക് എഴുത്ത് പരീക്ഷയിൽ കേവലം 10 മാർക്ക് ലഭിച്ചാലും വിജയം ഉറപ്പാക്കാനാവും. അതിനൊപ്പം ഉദാരമായ മൂല്യനിർണയം നടത്താൻ അധ്യാപകരുടെമേൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്ന വിദ്യാഭ്യാസ വകുപ്പിന്റെ രീതി വിദ്യാഭ്യാസ നിലവാരത്തകർച്ച ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്.

എന്നാൽ, കേരളത്തിൽ വിദ്യാഭ്യാസ സ്നേഹികൾ നടത്തിവന്ന നിരന്തരമായ വിദ്യാഭ്യാസ സംരക്ഷണ പ്രക്ഷോഭങ്ങളുടെ ഫലമായി എസ്എസ്എൽസി പരീക്ഷയിൽ അടുത്ത അധ്യയന വർഷം മുതൽ ഓരോ വിഷയത്തിനും ജയിക്കാൻ മിനിമം മാർക്ക് ഏർപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നു. മിനിമം 30% മാർക്കെങ്കിലും നേടുന്നവർ മാത്രമേ എസ്എസ്എൽസി പരീക്ഷ പാസാകൂ എന്ന മാറ്റമാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതത്രേ. വിദ്യാഭ്യാസ നിലവാരം അമ്പേ തകർന്നു പോയി എന്ന വസ്തുത വൈകിയാണെങ്കിലും അംഗീകരിക്കാൻ സർക്കാർ തയ്യാറായിരിക്കുന്നു.

പുതിയ നിർദ്ദേശപ്രകാരം 40 മാർക്കിന്റെ എഴുത്തുപരീക്ഷയിൽ കുറഞ്ഞത് 12 മാർക്ക് കിട്ടിയാൽ മാത്രമേ ജയിക്കാൻ കഴിയുകയുള്ളൂ. അതായത് 80 മാർക്കിന്റെ പരീക്ഷയിൽ 24 മാർക്ക് നേടണം. പക്ഷേ അപ്പോഴും നിരന്തര മൂല്യനിർണയത്തിന്റെ പേരിൽ 20 മാർക്ക് ഉദാരമായി നൽകുമെങ്കിൽ സ്ഥിതിയിൽ കാര്യമായ വ്യത്യാസം വരില്ല. അതിനാൽ നിരന്തര മൂല്യനിർണയത്തിന് ലഭിക്കുന്ന മാർക്കിന് പുറമെ എഴുത്തു പരീക്ഷ ജയിക്കാനാണ് മിനിമം മാർക്ക് ഏർപ്പെടുത്തേണ്ടത്. അതോടൊപ്പം, എഴുത്തു പരീക്ഷയിൽ ഇപ്പോൾ പിന്തുടരുന്ന ഉദാരമായ മാർക്ക് ദാന സമ്പ്രദായം സമ്പൂർണ്ണമായി നിർത്തലാക്കാനും തീരുമാനമുണ്ടാകണം. നിലവാരം ഉറപ്പാക്കാൻ കഴിയുന്ന പാഠ്യപദ്ധതിയും സിലബസും ബോധന സമ്പ്രദായവും മൂല്യനിർണയവും നിർബന്ധമായി പുനഃസ്ഥാപിക്കപ്പെട്ടാൽ മാത്രമേ ഇന്നത്തെ പരിതാപകരമായ സ്ഥിതിയിൽനിന്ന് സ്കൂൾ വിദ്യാഭ്യാസത്തെ കരകയറ്റാനാകൂ.

## അധ്യാപനത്തെ അപ്രസക്തമാക്കുന്ന പരിഷ്കാരങ്ങൾ അധ്യാപക നിയമനങ്ങൾക്ക് തടയിടുന്നു

കേരളത്തിലെ പുതിയ പാഠ്യപദ്ധതിയിലെയും ദേശീയ വിദ്യാഭ്യാസ നയരേഖയിലെയും സമീപനങ്ങൾ അനുസരിച്ച് അധ്യാപനം അഥവാ നേരിട്ടുള്ള ബോധനം അപ്രധാനവും വിദ്യാർഥികൾ സ്വയം പഠിച്ചുകൊള്ളും എന്ന ആശയം ഉയർത്തിപ്പിടിക്കുന്നതും ആകുന്നതിനാൽ അധ്യാപകരുടെ എണ്ണം വൻതോതിൽ വെട്ടിക്കുറക്കപ്പെടുന്നു. സ്ഥിര അധ്യാപകരുടെ സ്ഥാനത്ത് കരാർ അധ്യാപകരെ നിയമിക്കാൻ സർക്കാർ പിടിഎ പോലെയുള്ള സമിതികളോട് നിർദ്ദേശിക്കുന്ന സ്ഥിതിയാണ് വന്നു ചേർന്നിരിക്കുന്നത്. അധ്യാപക വിദ്യാഭ്യാസം നേടിയ സുശിക്ഷിതരായ, യോഗ്യരായ അധ്യാപകർ പഴങ്കഥയാവുകയാണ്. ദിവസക്കൂലിക്ക് കരാർ വ്യവസ്ഥയിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ എണ്ണം വർഷംപ്രതി കൂടിക്കൊണ്ടിരിക്കുന്നു.

സമാനമായ സാഹചര്യമാണ് കോളേജ് വിദ്യാഭ്യാസരംഗത്തും നിലനിൽക്കുന്നത്. അവിടെയും അധ്യാപക നിയമനങ്ങൾ വെട്ടിച്ചുരുക്കുന്ന നടപടികൾ വൻ പ്രതിസന്ധികൾക്ക് വഴി തുറന്നു കഴിഞ്ഞു. കോളേജ് അധ്യാപക തസ്തികകൾ നൂറുകണക്കിനാണ് ഒഴിഞ്ഞു കിടക്കുന്നത്. അധ്യാപക തസ്തിക സൃഷ്ടിക്കാൻ ജോലിഭാരം 16 മണിക്കൂറാക്കി നിജപ്പെടുത്തിയ 2020 ഏപ്രിൽ മാസത്തിലെ ഉത്തരവ് നടപ്പാക്കി തുടങ്ങിയതോടെ അധ്യാപക തസ്തികകളുടെ എണ്ണം വൻതോതിൽ വെട്ടിക്കുറക്കപ്പെട്ടു. പ്രതിവർഷം സംസ്ഥാനത്ത് 400 ഓളം കോളേജ് അധ്യാപക നിയമനങ്ങൾ നടന്നിരുന്നു. എന്നാൽ, ഇപ്പോൾ പ്രതിവർഷം 60ൽ താഴെ നിയമനങ്ങൾ മാത്രമായി ചുരുങ്ങിയിരിക്കുന്നു. സ്ഥിര അധ്യാപക നിയമനങ്ങളുടെ കാര്യത്തിൽ, പിഎസ്‌സി വഴിയുള്ള നിയമനങ്ങൾക്കുമേൽ ഫലത്തിൽ അപ്രഖ്യാപിത മോറട്ടോറിയം ആണ് സർക്കാർ യഥാർത്ഥത്തിൽ നടപ്പാക്കുന്നത്.

## നാലുവർഷബിരുദം: സർവ്വകലാശാലകൾ തകർച്ചയുടെ വക്കിൽ

വിദ്യാഭ്യാസ പുരോഗതിക്ക് വഴിവെട്ടിയ കേരള മോഡൽ വിദ്യാഭ്യാസത്തിന്റെ വേരുകൾ പൊതുവിദ്യാഭ്യാസ രംഗത്ത് മാത്രമല്ല ഉന്നത വിദ്യാഭ്യാസരംഗത്തും പടർന്നിരുന്നു. ഏറ്റവും മികച്ച ഉന്നത വിദ്യാഭ്യാസ ബിരുദധാരികളെ സൃഷ്ടിക്കുന്നതിൽ അനന്യമായ സംഭാവനകൾ നൽകിയ കേരളത്തിലെ സമുന്നത സർവ്വകലാശാലകളെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരസ്പരം മത്സരിച്ച് തകർത്തെറിയുകയാണ്.സ്വകാര്യ, വിദേശ സർവ്വകലാശാലകൾ ആരംഭിക്കാനുള്ള ഇടതുമുന്നണി സർക്കാരിന്റെ തീരുമാനം, കോളേജുകളെ സ്വയംഭരണ സ്ഥാപനങ്ങൾ ആക്കി മാറ്റി സ്വകാര്യവൽക്കരിക്കാനുള്ള അതിവേഗ കരുനീക്കങ്ങൾ, സർവ്വകലാശാലകളുടെ ഫണ്ട് സർക്കാർ ട്രഷറിയിലേക്ക് തിരിച്ചുവിടാനുള്ള സംസ്ഥാന സർക്കാരിന്റെ ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന നടപടികൾ എല്ലാം ഒത്തുചേർന്ന് സർവ്വകലാശാലകളെ നിലയില്ലാക്കയത്തിലേക്ക് തള്ളിവിട്ടു കഴിഞ്ഞു.

അതോടൊപ്പം, മോദി സർക്കാരിന്റെ നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പാക്കാനുള്ള കേരള സർക്കാറിന്റെ നീക്കങ്ങൾ സർവ്വകലാശാലയുടെ സുസ്ഥാപിത ലക്ഷ്യങ്ങളെയെല്ലാം അട്ടിമറിയ്ക്കുന്നതാണ്. സുനിശ്ചിതമായ ത്രിവത്സര അക്കാദമിക ബിരുദ കോഴ്സുകളെ ഇല്ലാതാക്കി പകരം തൽസ്ഥാനത്ത് അനിശ്ചിതമായ, മൾട്ടിപ്പിൾ പ്രവേശന കവാടങ്ങളും തോന്നുമ്പോൾ ഇറങ്ങിപ്പോകാനുള്ള പുറംവാതിലുകളും തുറന്നിട്ട പുതിയതരം നാലുവർഷ ബിരുദ കോഴ്സ് നടപ്പാക്കാൻ സംസ്ഥാനത്തെ ഇടത് ജനാധിപത്യ മുന്നണി സർക്കാർ നീക്കങ്ങൾ ആരംഭിച്ചത് ഞെട്ടിപ്പിക്കുന്നു. ഒന്നാം വർഷം പഠനം പൂർത്തിയാക്കി പുറത്തുപോകുന്ന ഒരാൾക്ക് കോഴ്സ് സർട്ടിഫിക്കറ്റും രണ്ടുവർഷം പൂർത്തിയാക്കുന്ന ആൾക്ക് ഡിപ്ലോമയും മൂന്നുവർഷം പൂർത്തിയാക്കുന്നവർക്ക് ബിരുദ സർട്ടിഫിക്കറ്റും നാലു വർഷ പഠനം പൂർത്തിയാക്കുന്നവർക്ക് പിജിയ്ക്ക് തുല്യമായ ഓണേഴ്സ് ബിരുദവും നൽകുന്ന വിധത്തിലാണ് ദേശീയ വിദ്യാഭ്യാസ നയത്തിൽ നാലു വർഷ ബിരുദം വിഭാവനം ചെയ്തിരിക്കുന്നത്. അങ്ങനെയെങ്കിൽ അതിനെ നാല് വർഷ ബിരുദ കോഴ്സ് എന്ന് വിളിക്കുന്നത് തന്നെ അപഹാസ്യമല്ലേ?

മാത്രമല്ല പോസ്റ്റ് ഗ്രാജ്വേറ്റ്, ഗവേഷണ ബിരുദ വിദ്യാഭ്യാസത്തിന്റെ സ്ഥിതി എന്താവും? ആദ്യ മൂന്ന് വർഷം വ്യത്യസ്ത വിഷയങ്ങളിലൂടെ കടന്നുപോകുന്ന വിദ്യാർത്ഥി നാലാം വർഷത്തിൽ മാത്രമാണ് മേജർ വിഷയം ഏതെങ്കിലും അളവിൽ പഠിക്കുന്നത്. ആദ്യത്തെ മൂന്നുവർഷം ആഴത്തിലുള്ള പഠനം ഇല്ലാതെ അപ്രസക്തമായ കോഴ്സുകളിലൂടെ കടന്നു പോകാൻ വിദ്യാർഥികളെ നിർബന്ധിക്കുന്നതാണ് നാലു വർഷ ബിരുദ കോഴ്സ്. മാത്രമല്ല, ശുദ്ധശാസ്ത്ര പഠനങ്ങൾ ഉൾപ്പടെയുള്ള അക്കാദമിക സമ്പ്രദായങ്ങളെ നിരകരിക്കുന്നതാണ് ഈ ബിരുദപഠനത്തിന്റെ സമീപനരീതി. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗവേഷണത്തിന് വേണ്ടുന്ന ഒരടിസ്ഥാനവും പ്രദാനം ചെയ്യാതെ, തൊഴിൽ പരിശീലനത്തിൽ ഊന്നുന്ന കോഴ്സുകളാണ് സർവ്വകലാശാല വിദ്യാഭ്യാസമെന്ന പേരിൽ യുജിസി വാഗ്ദാനം ചെയ്യുന്നത്. ഫലത്തിൽ അത് ബിരുദ വിദ്യാഭ്യാസത്തെ മാത്രമല്ല ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തെയും ഗവേഷണമേഖലയേയും കൂടി പ്രതിസന്ധിയിലാഴ്ത്തുന്നു. ചുരുക്കത്തിൽ, സർവ്വകലാശാലകൾ നിർവഹിച്ചു പോരുന്നഉന്നതഗവേഷണപ്രവർത്തനങ്ങളെയെല്ലാം നാലു വർഷ ബിരുദ പരിഷ്കാരം പ്രതികൂലമായി ബാധിക്കുമെന്ന് സാരം.

മേൽപ്പറഞ്ഞ സകലമാന കേന്ദ്രവിധ്വംസക പരിഷ്കാരങ്ങളും കേരള വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്നു എന്നതാണ് ഈ അധ്യയന വർഷം കേരളം നേരിടുന്ന ഗുരുതര വെല്ലുവിളി. വമ്പിച്ച പ്രതിഷേധങ്ങളും വിദ്യാഭ്യാസ സംരക്ഷണ സമരങ്ങളും മുന്നേറ്റങ്ങളും വളർത്തിയെടുക്കാതെ വരും തലമുറകളെ നമുക്ക് രക്ഷിക്കാനാവില്ല. ജീർണ്ണമായ മുതലാളിത്ത വ്യവസ്ഥിതിക്ക് സ്വതന്ത്ര ബൗദ്ധിക പ്രതിഭകളെ ആവശ്യമില്ലാതായിക്കഴിഞ്ഞു. അവർക്ക്അനുസരണയോടെ പണിയെടുക്കുന്ന കുറച്ച് കൈത്തൊഴിൽ പടയാളികളെ മതി. റോബോട്ടിക് സ്കില്ലുകൾ നേടിയ വിദഗ്ധ തൊഴിലാളികളെയാണ് ആധുനിക ലോകകമ്പോളം കാംക്ഷിക്കുന്നത്. അതിനാൽ ഭാഷയും ആധുനിക ശാസ്ത്രവിജ്ഞാനവും ആർജിച്ച തലമുറകളെ അവർക്ക് ആവശ്യമില്ല. മറിച്ച് അങ്ങനെയുള്ളവർ ചിന്താലോകത്ത് വിപ്ലവത്തിന്റെ വിത്തുകൾ പാകുമെന്ന് മുതലാളിത്ത-സാമ്രാജ്യത്വ ഭരണാധികാരികൾ ഭയപ്പെടുന്നു. അതുകൊണ്ടു തന്നെയാണ് ചിന്തിക്കുന്ന മനുഷ്യർ സൃഷ്ടിക്കപ്പെടില്ല എന്ന് ഉറപ്പാക്കുന്ന വിധത്തിൽ പുതിയ ദേശീയ വിദ്യാഭ്യാസ നയം കോഴ്സും ഘടനകളും രൂപകൽപ്പന ചെയ്തിട്ടുള്ളത്. നിർഭാഗ്യമെന്ന് പറയട്ടെ, ഇപ്പോഴും ഇടതെന്ന് അവകാശപ്പെടുന്ന പിണറായി സർക്കാർ അത് അപ്പടി നടപ്പാക്കി നിരക്ഷരത പടർത്തുകയാണ്. അതിനാൽ അതിശക്തമായ ജനകീയ വിദ്യാഭ്യാസ പ്രസ്ഥാനം താഴെത്തട്ടു മുതൽ വളർത്തിയെടുക്കുവാൻ വിദ്യാഭ്യാസ സ്നേഹികളോടൊപ്പം ബഹുജനങ്ങളും കൂടി വൻതോതിൽ അണിനിരക്കേണ്ട അധ്യയന വർഷമാണിത്. ■

ദ്വിദിന ശില്പശാല...




അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി മെയ് 24, 25 തീയതികളിൽ ചേർത്തല എസ്എൽ പുരം ഗാന്ധി സ്മാരക ഗ്രാമസേവാ കേന്ദ്രത്തിൽ സംഘടിപ്പിച്ച സംസ്ഥാന തല ദ്വിദിന ശില്പശാല ഡോ.എം.പി.മത്തായി ഉദ്ഘാടനം ചെയ്യുന്നു.

# മത്സ്യത്തൊഴിലാളികൾ ദുരിതജീവിതത്തിന്റെ ആഴക്കടലിൽ

**കേ**രളത്തിന്റെ തീരപ്രദേശത്ത് മൂന്ന് ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിലേർപ്പെട്ട് ജീവിക്കുന്നു. രാജ്യത്തിന് വിദേശ നാണ്യവും ജനതയ്ക്ക് കുറഞ്ഞ ചെലവിൽ പോഷകാഹാരവും പ്രദാനം ചെയ്യുന്ന മത്സ്യത്തൊഴിലാളികൾ ദുരിതജീവിതത്തിന്റെ ആഴക്കടലിലാണ്. മത്സ്യലഭ്യത കുറയുന്ന വറുതിയുടെകാലത്തും മത്സ്യസമൃദ്ധിയുടെ ചാകരക്കാലത്തും പട്ടിണിയിലും അർദ്ധപട്ടിണിയിലും കടക്കെണിയിലും മുങ്ങിത്താഴുകയാണ് മത്സ്യത്തൊഴിലാളികൾ. മത്സ്യ മുതലാളിമാരും കയറ്റുമതിക്കാരും കോടികൾ ലാഭം കൊയ്യുന്നു. മത്സ്യ സമൃദ്ധിയുടെ നാളുകളിൽ സംഭരിച്ചു വയ്ക്കുവാൻ സൗകര്യങ്ങളും സംവിധാനങ്ങളും മത്സ്യത്തൊഴിലാളികൾക്ക് ഇല്ലാത്തതുകൊണ്ട് കച്ചവടക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് തങ്ങളുടെ അദ്ധ്വാന ഫലം ഇട്ടെറിഞ്ഞു കൊടുക്കേണ്ടുന്ന ദുസ്ഥിതിയിലാണ് തൊഴിലാളികൾ. മത്സ്യഫെഡ് എന്ന ഒരു സർക്കാർ സംവിധാനം ഉണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പകലന്തിയോളം പണിയെടുത്താലും ഒരു നേരത്തെ ആഹാരത്തിനുപോലും വകലഭിക്കാത്ത ദിനങ്ങളുണ്ട്. ഇന്ധനചെലവ് ഉൾപ്പെടെ നഷ്ടമാകുന്നതുകൊണ്ട് ഈ അവസരങ്ങളിൽ പലപ്പോഴും കടബാധ്യതക്കാരനാകുന്നു. കാറ്റും കോളും പ്രക്ഷുബ്ധവുമായ കടലും ഉയർത്തുന്ന വെല്ലുവിളികളെ നേരിട്ടാലും പട്ടിണിയിൽ നിന്നും കരകയറാൻ കഴിയുന്നില്ല.

ഓഖി ദുരന്തത്തിനുശേഷം സർക്കാർ പുറപ്പെടുവിക്കുന്ന മത്സ്യബന്ധന വിലക്കുകൾ തൊഴിൽ ദിനങ്ങൾ കുറയ്ക്കുന്നു. മോശം കാലാസ്ഥയെത്തുടർന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തുമ്പോൾ യാതൊരു തൊഴിൽ നഷ്ട വേതനവും നല്കുന്നില്ല. മൺസൂൺ കാലത്തെ ട്രോളിംഗ് നിരോധനവും തീരത്ത് തൊഴിലില്ലായ്മയും പട്ടിണിയും സൃഷ്ടിക്കുന്നു.

ശാസ്ത്ര-സാങ്കേതികവിദ്യ ഏറെ പുരോഗമിച്ചിട്ടുള്ള ഇക്കാലത്തും മത്സ്യത്തൊഴിലാളി മേഖലയിൽ ഫലപ്രദമായി സർക്കാർ ഇടപെടാത്തതാണ് പ്രതിസന്ധിക്കുകാരണം. മത്സ്യത്തേക്കാൾ വേഗം കേടാകുന്ന പാൽ സംഭരിച്ച് ശീതീകരിച്ച് വിപണനം നടത്തുന്നതു പോലെ തീരത്തുടനീളം ഹാർബറുകളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും കോൾഡ് സ്റ്റോറേജുകൾ സ്ഥാപിച്ച് സർക്കാർ മത്സ്യം സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്താൽ മത്സ്യത്തിന് വിലസ്ഥിരത ഉറപ്പുവരുത്തുവാനാകും. മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം നേടാനും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മത്സ്യം ഉറപ്പുവരുത്തുവാനും ഇതിലൂടെ കഴിയും. 2020 വരെ മത്സ്യത്തൊഴിലാളികൾക്ക് കടൽ ശാന്തമായിരുന്നാൽ ഏതു തീരത്തു നിന്നും മത്സ്യബന്ധനത്തിനു പോകുവാനും പിടിക്കുന്ന മീൻ ഏതു തീരത്തും വിപണനം നടത്തുവാനും യാതൊരു നിയന്ത്രണവുമില്ലായിരുന്നു.

എന്നാൽ 2021ൽ കേരള സർക്കാർ പാസാക്കിയ 'മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് ' പ്രകാരം, ഫിഷിംഗ് ഹാർബറുകളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലുമല്ലാതെ മത്സ്യവിപണനം നടത്തുന്നത് പിഴയും തടവും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

മത്സ്യബന്ധന മേഖലയിലെ ഇടനിലക്കാരുടേയും കമ്മീഷൻകാരുടേയും ചൂഷണം വളരെ കടുത്തതാണ്. കമ്മീഷൻ ഏജന്റമാർ മത്സ്യത്തൊഴിലാളികൾക്ക് ചില സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊണ്ട്, നിലവിൽ അഞ്ച് ശതമാനം മുതൽ പത്ത് ശതമാനം വരെ തുക മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മീനിൽനിന്നും ഈടാക്കുന്നുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തുടനീളം കോടികൾ മറിയുന്നു. മത്സ്യബന്ധനവും വിപണനവും കേന്ദ്രീകൃതവും നിയന്ത്രണവിധേയവുമാക്കിക്കൊണ്ട്, ഹാർബർമാനേജ്മെന്റ് സൊസൈറ്റികളിലൂടെ മത്സ്യത്തൊഴിലാളികളെ സാമ്പത്തികമായി ചൂഷണം ചെയ്യുവാനാണ് സർക്കാരിന്റെയും ശ്രമം.

ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ വ്യാപാരികളിൽ നിന്നും ഈടാക്കുന്ന ടോളുകളുടെ ചെലവും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ നിന്നുമാണ് പോകുന്നത്. ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അടിക്കടി ഉയർത്തിയ ടോൾ വർദ്ധനവിനെതിരെ ചെല്ലാനം ഫിഷിംഗ് ഹാർബറിൽ മത്സ്യത്തൊഴിലാളികൾക്ക് പ്രതിരോധം തീർക്കേണ്ടതായി വന്നു. മത്സ്യത്തൊഴിലാളികളേയും തീരദേശ ജനതയേയും അവരുടെ ആവാസസ്ഥലത്തു നിന്നും പിഴുതെറിഞ്ഞ് തീരം കോർപറേറ്റ് താല്പര്യങ്ങൾക്ക് തീറെഴുതുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ. 'ബ്ലൂ ഇക്കണോമി' എന്ന സുന്ദരനാമത്തിൽ കേന്ദ്ര സർക്കാർ അവതരിപ്പിക്കുന്ന പദ്ധതി വൻകിട കോർപ്പറേറ്റുകൾക്ക് കടലും കടൽ തീരവും കൊള്ളയടിക്കാൻ അവസരമുണ്ടാക്കുന്നതാണ്.

ഒന്നാം മോദി സർക്കാർ, മീനാകുമാരി കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കാൻ ഒരുക്കമിട്ടപ്പോൾ തീരത്തുടനീളം വ്യാപകമായ പ്രതിഷേധമാണ് ഉയർന്നത്. ആഴക്കടൽ മത്സ്യബന്ധനത്തിന് വൻകിട സ്വദേശ-വിദേശ ട്രോളറുകൾക്ക് അനുമതി നല്കുന്നതും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 12 നോട്ടിക്കൽ മൈലും യന്ത്രവൽകൃത ബോട്ടുകൾക്ക് 20 നോട്ടിക്കൽ മൈലും പരിധി നിശ്ചയിച്ച് സാധാരണ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് നിയന്ത്രണമേർപ്പെടുത്തുന്നതുമായിരുന്നു മീനാകുമാരി കമ്മീഷൻ ശുപാർശകൾ. പ്രക്ഷോഭത്തെത്തുടർന്ന് മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് പിൻവലിക്കേണ്ടി വന്നു. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനെതിരെ കേരളത്തിൽ, കേരള മത്സ്യ സംസ്കരണതൊഴിലാളി യൂണിയന്റെയും(കെഎംഎസ്ടിയു) കേരള മത്സ്യബന്ധന തൊഴിലാളി യൂണിയന്റെയും നേതൃത്വത്തിൽ ചെമ്മീൻ പീലിംഗ് തൊഴിലാളികളും മത്സ്യത്തൊഴിലാളികളും നടത്തിയ രാജ്ഭവൻ മാർച്ച് അടക്കമുള്ള പ്രതിഷേധ പരിപാടികൾ ശ്രദ്ധേയമായിരുന്നു.

കേരളത്തിലെ ഇടതെന്നവകാശപ്പെടുന്ന സർക്കാർ 'ബ്ലൂ ഇക്കണോമി' എന്ന കേന്ദ്ര പദ്ധതി നടപ്പിലാക്കുകയാണ്. പുനർഗേഹം എന്ന പേരിൽ പത്ത് ലക്ഷം രൂപ നല്കി മത്സ്യത്തൊഴിലാളികളെ തീരത്തുനിന്നും പലായനം ചെയ്യിക്കുന്നു. നിർദ്ദിഷ്ട തീരദേശ ഹൈവേ നിർമ്മാണത്തിനായും പത്ത് ലക്ഷം രൂപ മാത്രമാണ് കുടിയൊഴിപ്പിക്കപ്പെടുന്ന തീരദേശ നിവാസികൾക്കു നല്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികളെല്ലാം ഫലപ്രദമായല്ല നടപ്പിലാക്കുന്നത്. ക്ഷേമനിധി അംശാദായം അടക്കുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും അംശാദായം തിരിച്ചു നല്കുന്നില്ല.'മത്സ്യത്തൊഴിലാളിസമ്പാദ്യ-ആശ്വാസ പദ്ധതിപ്പണം' കൃത്യമായി മടക്കി നൽകുന്നില്ല. മത്സ്യത്തൊഴിലാളി ക്ഷേമം യഥാർത്ഥത്തിൽ സർക്കാർ ലക്ഷ്യമിടുന്നുവെങ്കിൽ മത്സ്യബന്ധനത്തിന് ആവശ്യമുള്ള മുഴുവൻ ഇന്ധനത്തിനും സബ്സിഡി നിരക്കിൽ നല്കുകയും വലകളും എൻജിനുകളും നികുതിയിൽ നിന്നും ഒഴിവാക്കുകയും മത്സ്യത്തൊഴിലാളികളുടെ ക്ഷേമനിധി അംശാദായം പലിശയടക്കം മടക്കി നല്കുകയുമാണ് വേണ്ടത്. തീരദേശത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുകയും പാരിസ്ഥിതികവിനാശം സൃഷ്ടിക്കുന്നതും തീരശോഷണം സൃഷ്ടിക്കുന്നതുമായ കരിമണൽ ഖനനം അവസാനിപ്പിക്കുകയും വേണം. അദാനിയുടെ വിഴിഞ്ഞം തുറമുഖ നിർമ്മാണംമൂലം മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് ആശ്രയിച്ചിരുന്ന മുതലപ്പൊഴി അപകടക്കെണിയായിരിക്കുന്നു. മുതലപ്പൊഴി ഹാർബർ ശാസ്ത്രീയമായി നിർമ്മിച്ച് മത്സ്യത്തൊഴിലാളികളുടെ സുരക്ഷ സർക്കാർ ഉടൻ ഉറപ്പാക്കണം.

അൻപതിനായിരത്തിലേറെ പേർ പണിയെടുക്കുന്ന സുപ്രധാനമായ തൊഴിൽ വിഭാഗമാണ് ചെമ്മീൻ പീലിംഗ് തൊഴിലാളികൾ. 2010ൽ ചെമ്മീൻ പീലിംഗ് തൊഴിലാളികൾക്ക് സർക്കാർ മിനിമം കൂലി പ്രഖ്യാപിച്ചത് നാളിതുവരെ നല്കിയിട്ടില്ല. നാമമാത്രമായ തൊഴിലാളികൾക്ക് മാത്രമാണ് ഇഎസ്ഐയും പിഎഫും ഉള്ളത്. 2008 മുതൽ കേരള മത്സ്യസംസ്കരണതൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ നിരവധി സമരങ്ങൾ നടത്തിയാണ് നാമമാത്രമായെങ്കിലും കൂലി വർദ്ധിപ്പിക്കാനായത്. കൂലി വർദ്ധിപ്പിക്കുമ്പോഴൊക്കെ പൊളിക്കുവാനുള്ള ചെമ്മീനിന്റെ അളവ് വർദ്ധിപ്പിച്ച് ഉടമകൾ തൊഴിലാളികളെ ചൂഷണം ചെയ്യുന്നു. നിലവിൽ 1 കിലോ ചെമ്മീൻ പൊളിക്കുന്നതിന് മിനിമം കൂലി പ്രകാരം 36 രൂപയാണ്. എന്നാൽ ഒന്നര കിലോ എന്ന പേരിൽ തൂക്കം ഇല്ലാതെ 28 രൂപ മാത്രമാണ് ഉടമകൾ തൊഴിലാളികൾക്കു നല്കുന്നത്. എന്നു മാത്രമല്ല ഈ അളവ് പലപ്പോഴും രണ്ട് കിലോയിൽ കൂടുതലുമാണ്! കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കോർപറേറ്റ് താല്പര്യപ്രകാരം കൊണ്ടുവരുന്ന നയങ്ങളെ ചെറുക്കുവാൻ മത്സ്യത്തൊഴിലാളികൾ ശക്തമായ ജനാധിപത്യ പ്രക്ഷോഭങ്ങളുടെ വേദിയിൽ അണിനിരക്കുകയാണ് ഇന്നത്തെ അടിയന്തര കർത്തവ്യം. ■

## നാലുവർഷ ഡിഗ്രിക്കെതിരെ കർണ്ണാടകയിൽ നടന്ന വിദ്യാർത്ഥി സമരത്തിന് ഉജ്വല വിജയം

**ദേ**ശീയ വിദ്യാഭ്യാസനയം(2020)ന്റെ ഭാഗമായ നാലുവർഷ ഡിഗ്രി നടപ്പിലാക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട് എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ കർണ്ണാടകയിൽ നടന്ന സമരത്തിന് ഉജ്വല വിജയം. സംസ്ഥാനമെമ്പാടും ചിട്ടയായ സമരസംഘാടനമാണ് എഐഡിഎസ്ഒ നടത്തിയത്. മൈസൂരു, ബംഗളൂരു, കൽബുർഗ്ഗി, ബെല്ലാരി, റയ്ച്ചൂർ, ധാർവാർഡ് എന്നിവിടങ്ങളിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾ അണിനിരന്ന റാലികൾ നടന്നു. നാലുവർഷ ഡിഗ്രി ഉന്നതവിദ്യാഭ്യാസത്തെ തകർക്കുമെന്നും സാധാരണ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം അപ്രാപ്യമാക്കുമെന്നും തിരിച്ചറിഞ്ഞ അധ്യാപകരും വിദ്യാർത്ഥി സമരങ്ങൾക്ക് കലവറയില്ലാത്ത പിന്തുണനൽകി. എഐഡിഎസ്ഒ അഖിലേന്ത്യാ കമ്മിറ്റിയുടെ ആഹ്വാന പ്രകാരം വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്ക്കരണത്തിന്റെയും സ്വകാര്യവത്ക്കരണത്തിന്റെയും ബ്ലൂപ്രിന്റായ ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ പ്രധാനമന്ത്രിക്ക് ഒരു കോടി ഒപ്പുശേഖരിച്ച സമർപ്പിക്കുകയെന്ന സമരപരിപാടിയിൽ ആവേശപൂർവമാണ് വിദ്യാർത്ഥികൾ പങ്കെടുത്തത്. 2022 ജൂലൈയിൽ ഈ ഒപ്പ് ശേഖരണ പരിപാടി പുരോഗമിക്കവെയാണ്, സ്കൂൾ ലയനത്തിന്റെ പേരിൽ 13,800 ഗവൺമെന്റ് സ്കൂളുകൾ അടച്ചുപൂട്ടാനുള്ള സർക്കാർ തീരുമാനമുണ്ടാകുന്നത്. എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ വിദ്യാർത്ഥി സമൂഹം ഈ നീക്കത്തിനെതിരെ രംഗത്തുവന്നു. ലക്ഷക്കണക്കിന് ഒപ്പുകൾ കർണ്ണാടകയിൽ നിന്നു മാത്രമായി ശേഖരിക്കപ്പെട്ടു. നവോത്ഥാന നായകരും സ്വാതന്ത്ര്യസമര സേനാനികളും പടുത്തുയർത്തിയ വിദ്യാഭ്യാസ സമ്പ്രദായം അപകടത്തിലാണെന്ന് തിരിച്ചറിഞ്ഞ അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളുടെ ഈ സമരപ്രവർത്തനത്തെ സഹായിച്ചു. തത്ഫലമായി 35,000 വിദ്യാർത്ഥികൾ ഈ ഒപ്പുശേഖരണ പരിപാടിയുടെ വോളന്റിയേഴ്സാകുകയും 36 ലക്ഷം ഒപ്പുകൾ കർണ്ണാടകയിൽനിന്നു മാത്രം ശേഖരിക്കപ്പെടുകയും ചെയ്തു. ദേശീയ വിദ്യാഭ്യാസനയം നടപ്പിലാക്കുന്നതിനെതിരെ ശക്തമായ പ്രതിരോധം കർണ്ണാടകയിൽ രൂപപ്പെട്ടത് ഈ ഒപ്പുശേഖരണ പരിപാടിയിലൂടെയാണ്.

2022 സെപ്റ്റംബർ 28, ഭഗത്സിംഗ് ജന്മവാർഷികദിനത്തിൽ ബംഗളൂരുവിലെ ഫ്രീഡം പാർക്കിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഈ പ്രക്ഷോഭത്തിന്റെ ഭാഗമായി സമ്മേളിച്ചു. ഇതേത്തുടർന്ന് സ്കൂളുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം സംസ്ഥാന സർക്കാർ പിൻവലിച്ചു.

വിദ്യാർത്ഥി പ്രക്ഷോഭത്തിന്റെ ഫലമായി നാലുവർഷ ഡിഗ്രിക്കെതിരെ പൊതുജനാഭിപ്രായം രൂപപ്പെട്ടു. തത്ഫലമായി നിലവിലെ കോൺഗ്രസ് സർക്കാർ നാലുവർഷ ഡിഗ്രി പിൻവലിക്കാൻ നിർബന്ധിതമായി. ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ ആദ്യ വിജയം നേടുന്ന സംസ്ഥാനമായി കർണ്ണാടക മാറി. എൻഇപിക്കെതിരായ സമരത്തിൽ അണിനിരന്ന വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ഈ സമരത്തിന്റെ ജിഹ്വയായി മാറിയ ബുദ്ധിജീവികളും എഴുത്തുകാരും വിദ്യാഭ്യാസ പ്രവർത്തകരും ഈ സമരത്തെ പിന്തുണച്ച കർഷകരും തൊഴിലാളികളും ഉൾപ്പടെയുള്ള സാധാരണ പ്രവർത്തകരും കൂട്ടായി സൃഷ്ടിച്ച വിജയമാണിത്. ഇരുൾമൂടുന്ന വിദ്യാഭ്യാസരംഗത്ത് ആശ്വാസവും പ്രതീക്ഷയും പകരുന്നതാണ് ന്യായയുക്തമായ ഈ സമരത്തിന് ലഭിച്ചിരിക്കുന്ന വിജയം. ■

# ഐതിഹാസികമായ കർഷക പ്രക്ഷോഭവും ജനകീയ സമരങ്ങളും മോദിവാഴ്ചയ്ക്കെതിരായ വിധിയെഴുത്തിന് കളമൊരുക്കി

*(1–ാം പേജിൽ നിന്ന്)*

സ്വന്തം വരുതിയിലാക്കി. ഭരണാധികാരം ഉപയോഗിച്ച് അവിഹിതമായ സഹായങ്ങൾ ചെയ്തുകൊടുത്തും ഭീഷണിപ്പെടുത്തിയും കോർപ്പറേറ്റ് ക്രിമിനൽ മൂലധനശക്തികളിൽ നിന്ന് ഇലക്ടറൽ ബോണ്ട് വഴി രാജ്യം കണ്ട ഏറ്റവും വലിയ അഴിമതിയിലൂടെ ധനസമാഹരണം നടത്തി. പ്രചാരണരംഗത്ത് മലവെള്ളപ്പാച്ചിൽ പോലെ ബിജെപി അഴിമതിപ്പണം ഒഴുക്കി. രാജ്യത്തെ ഒട്ടുമിക്ക പ്രിന്റ്, വിഷ്വൽ മീഡിയകളെയും വിലയ്ക്കെടുത്ത് സ്വന്തം ഉച്ചഭാഷിണികളാക്കി മാറ്റി. വരുതിക്ക് വരാത്ത മാധ്യമപ്രവർത്തകരെ കേസിൽ കുടുക്കിയും തടങ്കലിലിട്ടും വായടപ്പിച്ചു. സാമൂഹ്യ മാധ്യമങ്ങളിലൂടെ തങ്ങൾക്കനുകൂലമായ വ്യാജ പ്രചാരണങ്ങളുടെ കുത്തൊഴുക്ക് തുറന്നുവിട്ടു. എല്ലാദിവസവും മോദി വാർത്തകളിൽ നിറഞ്ഞുനിൽക്കുവാൻ തരംതാണ ഷോകളും പിആർഡി പ്രവർത്തനങ്ങളും സംഘടിപ്പിച്ചു.

രാമക്ഷേത്ര നിർമ്മാണം ഉത്തരേന്ത്യയിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ കേന്ദ്രബിന്ദുവാക്കാൻ പദ്ധതിയിട്ടുകൊണ്ട് വർഷാരംഭത്തിൽത്തന്നെ പ്രാണപ്രതിഷ്ഠ നടത്തി, ഹൈന്ദവമതവിശ്വാസികളുടെ ധ്രുവീകരണത്തിനായി ആഞ്ഞുശ്രമിച്ചു. മാധ്യമങ്ങളെയും വൻകിട സ്വകാര്യകമ്പനികളെയും വ്യവസായികളെയുമെല്ലാം ഒരുമിപ്പിച്ചുകൊണ്ട് രാമക്ഷേത്ര പ്രതിഷ്ഠയെ അധികരിച്ച് അവിശ്വസനീയമായ പ്രചാരണ ഹൈപ്പ് തന്നെ സൃഷ്ടിച്ചു.

സൂറത്തിൽ മത്സരിക്കാനിറങ്ങിയ മുഴുവൻ എതിർ സ്ഥാനാർത്ഥികളെയും വിലയ്ക്ക് വാങ്ങുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്ത് പിൻവലിപ്പിച്ചു. ലക്ഷക്കണക്കിന് വോട്ടർമാർക്ക് വോട്ട് ചെയ്യാനുള്ള അവകാശം നിഷേധിച്ച് എതിരില്ലാതെ ബിജെപിക്ക് ഒരു എംപിയെ സൃഷ്ടിക്കുന്നത് നാം കണ്ടു. (ഇൻഡോറിൽ ഇത് ആവർത്തിക്കാനുള്ള ശ്രമം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥിയുടെ ധീരോചിതമായ ചെറുത്തുനിൽപ്പിനെത്തുടർന്ന് പരാജയപ്പെട്ടു. അല്ലെങ്കിൽ രാജ്യത്ത് പലയിടത്തും അതാവർത്തിക്കുമായിരുന്നു) എതിർചേരിയിലുള്ള ഒരു സ്ഥാനാർത്ഥിയെ അവസാനഘട്ടത്തിൽ രംഗത്തുനിന്ന് ബലപ്രയോഗത്തിലൂടെ ഇല്ലാതാക്കിയതിലൂടെ പ്രതിപക്ഷനിരയുടെ ആത്മവിശ്വാസത്തെ തകർക്കാനാണ് അവർ ലക്ഷ്യമിട്ടത്.

ഈ തയ്യാറെടുപ്പുകളോടെ 400 സീറ്റ് പിടിക്കാം എന്ന മോഹത്തോടെ മത്തുപിടിച്ചു നടന്ന മോദിക്ക്, പക്ഷേ, ഒന്നും രണ്ടും റൗണ്ട് കഴിഞ്ഞതോടെ കാര്യങ്ങൾ തന്റെ പൂർണ്ണവരുതിയിലല്ലെന്ന മനസ്സിലായി. മുഴുവൻ ജനങ്ങളെയും മസ്തിഷ്കപ്രക്ഷാളനത്തിന് വിധേയമാക്കാൻ സാധിക്കുന്നില്ല എന്നത് തെളിഞ്ഞതോടെ എല്ലാ പുറംമോടികളും നീക്കി ഉള്ളിലുള്ള വർഗീയതയുടെ ബീഭത്സരൂപം പുറത്തെടുത്തു. രാജസ്ഥാനിലെ ബൻസാരയിൽ നടത്തിയ വിദ്വേഷപ്രസംഗം വസ്തുതാവിരുദ്ധവും ദുരുദ്ദേശപരവും ഏതർത്ഥത്തിലും ശിക്ഷാർഹവും മത്സരത്തിനുതന്നെ അയോഗ്യത കൽപ്പിക്കേണ്ടതുമായിരുന്നു. ബിജെപിക്കു വഴങ്ങുന്ന ഇലക്ഷൻ കമ്മീഷന്റെ തനിനിറം ഇവിടെ വ്യക്തമായി. അവരുടെ മൗനാനുവാദത്തോടെ തുടർന്നങ്ങോട്ട് എല്ലാ പ്രസംഗങ്ങളിലും വർഗീയവിഷം അധിക ഡോസിൽ ചീറ്റിക്കൊണ്ടേയിരുന്നു. രാജ്യത്തെ ഒന്നായിച്ചേർത്ത് ഭരണനിർവഹണം നടത്താൻ ഭരണഘടനാപരമായി ബാധ്യസ്ഥനായ ഒരു പ്രധാനമന്ത്രി തന്റെ സ്ഥാനം മറന്ന് തരംതാഴ്ന്ന നാളുകളായിരുന്നു അവ. ഹിന്ദുക്കളുടെ മനസ്സുകളിൽ അന്യമത വിദ്വേഷം ജനിപ്പിച്ച് ആ വോട്ടുകൾ സ്വന്തം പെട്ടിയിൽത്തന്നെ വീഴ്ത്തുകയായിരുന്നു ലക്ഷ്യം. അധികാരം നിലനിർത്താൻ എത്ര നീചമായ കളികൾക്കും തയ്യാർ എന്ന തുറന്ന പ്രഖ്യാപനങ്ങൾ ആയിരുന്നു അവ. അവസാന റൗണ്ടിൽ നിശബ്ദ പ്രചാരണത്തിന്റെ കാലയളവിൽ മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുവാനും ബംഗാൾ വോട്ടർമാരെ സ്വാധീനിക്കുവാനുമായി പരസ്യ ചിത്രത്തിൽ അഭിനയിക്കുംപോലെ നിരവധി ക്യാമറകളുടെ മുമ്പിൽ വിവേകാനന്ദപ്പാറയിൽ 'ധ്യാന' ഷോയും നടത്തി.

ഇപ്രകാരം തിരഞ്ഞെടുപ്പ് വിജയത്തിനായി, സങ്കൽപ്പിക്കാനാകാത്ത അധോലോക-അധാർമ്മിക ഗൂഢപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത്, കണക്കറ്റ പണത്തിന്റെയും അധികാരമുഷ്കിന്റെയും പിൻബലം ഉപയോഗപ്പെടുത്തി അവ നടപ്പാക്കുന്നതിൽ വിജയിച്ചിട്ടും ബിജെപിക്ക് തിരിച്ചടി നേരിടേണ്ടി വന്നു എന്നത് ജനങ്ങളിൽ ഉറഞ്ഞുകൂടിയിട്ടുള്ള പ്രതിഷേധത്തിന്റെയും അസംതൃപ്തിയുടെയും ആഴമാണ് വ്യക്തമാക്കുന്നത്. ഈ പ്രതിഷേധത്തിന് പരിമിതമായ തോതിലെങ്കിലും ഒരു ജനാധിപത്യ പ്രക്ഷോഭത്തിന്റെ രൂപം നൽകാൻ കഴിഞ്ഞിരുന്നെങ്കിൽ തിരഞ്ഞെടുപ്പ് ഫലം ബിജെപിക്ക് ശക്തമായ പ്രഹരമായി മാറുമായിരുന്നു എന്നും ഇത് സംശയാതീതമായി തെളിയിക്കുന്നു. തിരഞ്ഞെടുപ്പ് വേളയിൽ മാത്രമല്ല, കഴിഞ്ഞ ഒരു ദശാബ്ദമായി ആവർത്തിച്ചാവർത്തിച്ച് എസ്‌യുസിഐ(സി) മുന്നോട്ടുവച്ച പാഠവും മുന്നറിയിപ്പും ഇതുതന്നെയായിരുന്നു. അത് ഏറ്റവും ശരിയായിരുന്നുവെന്ന് ഈ തിരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നു.

## ജനകീയ പ്രക്ഷോഭങ്ങളും കർഷക സമരവും പടർന്ന മേഖലകളിൽ ബിജെപി തിരിച്ചടി നേരിട്ടു

സർവ്വസന്നാഹങ്ങളോടെ വീണ്ടും അധികാരത്തിലെത്താൻ തയ്യാറെടുത്തുനിന്ന മോദിക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷം നേടാനാവാതെ അവസരവാദികളായ രണ്ട് കക്ഷികളുടെ പിന്തുണയോടെ മാത്രം ഭരണത്തിലെത്തേണ്ടിവന്നത് ജനങ്ങൾ നൽകിയ തിരിച്ചടി തന്നെയാണ്. കർഷകപ്രക്ഷോഭണം അലയടിച്ച മേഖലകളിൽ ബിജെപിക്ക് ശക്തമായ പരാജയമാണ് കിട്ടിയത്. പഞ്ചാബ്, രാജസ്ഥാൻ, ഹരിയാന, പശ്ചിമ ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ പ്രതിഫലിച്ചത് കർഷകരോഷമാണ്. ഇവിടങ്ങളിൽ ബിജെപിയെ പരാജയപ്പെടുത്താൻ ഏതു പാർട്ടിക്ക് ശേഷിയുണ്ടോ അവർക്ക് ജനങ്ങൾ വോട്ട് ചെയ്തു. അഗ്നിവീർ പദ്ധതിക്കെതിരായ രോഷവും ഈ സംസ്ഥാനങ്ങളിൽ പ്രതിഫലിച്ചു. ഈ സംസ്ഥാനങ്ങളിലെ ഫലങ്ങളാണ് ഒറ്റയ്ക്ക് ഭൂരിപക്ഷം നേടുന്നതിൽനിന്ന് മോദി സർക്കാരിനെ തടഞ്ഞത്. അന്യമതവെറിയിൽ അധിഷ്ഠിതമായ ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ തുറന്ന കളരിയായ ഉത്തർപ്രദേശിലാണ് ഈ പ്രഹരം ഏറ്റവും ശക്തിയോടെ ദൃശ്യമായത്. 26 സിറ്റിംഗ് എംപിമാരാണ് അവിടെ പരാജയപ്പെട്ടത്. ബാബറി പള്ളി പൊളിച്ചതിന്റെയും രാജ്യം മുഴുവൻ വർഗീയാഗ്നി പടർത്തിയതിന്റെയും മറവിൽ നേടിയ കഴിഞ്ഞകാലങ്ങളിലെ തിരഞ്ഞെടുപ്പ് വിജയം ആവർത്തിക്കാനായി രാമക്ഷേത്രം പണിയുകയും, പണി പൂർത്തിയാവാത്ത മന്ദിരത്തിൽ നാലു ശങ്കരാചാര്യന്മാരുടെ എതിർപ്പ് വകവയ്ക്കാതെ തന്ത്രിയല്ലാത്ത പ്രധാനമന്ത്രി പ്രാണപ്രതിഷ്ഠ നടത്തുകയും ചെയ്തതും വൃഥാവിലായി. അയോധ്യയിലെ ക്ഷേത്രം ഉൾപ്പെടുന്ന ഫൈസാബാദ് മണ്ഡലത്തിൽ ബിജെപി പരാജയപ്പെട്ടത് രാജ്യത്തിന്റെയാകെ വികാരപ്രകടനമായി. അവിടെ ക്ഷേത്ര നഗരം നിർമിക്കാനായി ഹിന്ദു വിഭാഗത്തിൽപ്പെട്ടവർ അടക്കമുള്ള ആയിരക്കണക്കിന് ആളുകളുടെ വീടുകൾ ഇടിച്ചുനിരത്തി അവരെ ആട്ടിപ്പായിച്ചതിന്റെ രോഷപ്രകടനം കൂടിയായി ഈ വിധിയെഴുത്ത്. 400 സീറ്റ് ലക്ഷ്യം വയ്ക്കുന്നത് അംബേദ്കർ സൃഷ്ടിച്ച ഭരണഘടനയെയും സംവരണ തത്വങ്ങളെയും തിരുത്തിയെഴുതാനുള്ള ബിജെപിയുടെ പുറപ്പാടാണെന്ന ക്യാമ്പയിനും അവർക്ക് തിരിച്ചടിയായി. പ്രത്യേകിച്ചും ജാതി രാഷ്ട്രീയത്തിന്റെ ചക്രത്തിൽ തിരിയുന്ന യുപിയിൽ.

## മതധ്രുവീകരണം ലക്ഷ്യമിട്ട ഹീനമുദ്രാവാക്യങ്ങളെ പിന്തള്ളി മോദിവാഴ്ച സൃഷ്ടിച്ച ജീവിതയാതനകൾ പല മേഖലകളിലെങ്കിലും വിധിയെഴുത്തിന് മാനദണ്ഡമായി

മോദിഭരണത്തിന്റെ കെടുതികൾ അനുഭവിച്ചുകൊണ്ടിരിക്കുന്നവരാണ് ഇന്ത്യൻ ജനത. നോട്ട് നിരോധനവും കോവിഡ് കാല നടപടികളും ജിഎസ്ടിയും വിലക്കയറ്റവും തൊഴിലില്ലായ്മയും തൊഴിലാളി ദ്രോഹങ്ങളും കർഷക വിരുദ്ധതയും ന്യൂനപക്ഷ സംഹാരവും ജനാധിപത്യ ധ്വംസനങ്ങളുമെല്ലാമവർ തുടർച്ചയായി അനുഭവിച്ചു. സ്വന്തം അധ്വാനശേഷി വിറ്റ് ജീവസന്ധാരണം നടത്തുന്ന കോടാനുകോടി ഇന്ത്യക്കാർ മിനിമം ജീവിതാവശ്യങ്ങൾപോലും നിർവഹിക്കാനുള്ള വരുമാനം ലഭിക്കാതെ എരിപിരികൊള്ളുകയായിരുന്നു. തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മതിയായ വില കിട്ടാതെ തകർന്നടിഞ്ഞ് സ്വയം ജീവനൊടുക്കിയ കർഷകർ ലക്ഷക്കണക്കിനാണ്. കർഷകരാകട്ടെ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിനു കാത്തുനിൽക്കാതെ നീണ്ടുനിൽക്കുന്ന ജനാധിപത്യ സമരത്തിന്റെ ഉജ്ജ്വല മാതൃക സൃഷ്ടിക്കുകയും ചെയ്തു. ജിഎസ്ടി രാജ് വന്നതോടെയും ദേശ-വിദേശ കുത്തകകൾ രംഗം കൈയടക്കിയതോടെയും ജീവിതം പൂട്ടിപ്പോയ ചെറുകിട കച്ചവടക്കാരും ചെറുകിട ഉത്പാദകരും അതുവഴി തൊഴിലില്ലാതായവരും അടിമുടി തകർന്നു പോവുകയായിരുന്നു. അവരിൽ എല്ലാ ജാതിമതങ്ങളിലും പെട്ടവർ ഉണ്ടായിരുന്നു. അവർ മോദിസർക്കാരിന്റെ നയങ്ങൾക്കെതിരെ ഒരു പ്രക്ഷോഭണത്തിനാഗ്രഹിച്ചിരുന്നു. അതിനെ നയിക്കാൻ ഒരു രാഷ്ട്രീയ നേതൃത്വം ഉയർന്നുവന്നില്ല എന്നതിൽ അവർ ഖിന്നരുമായിരുന്നു. സാധ്യമായ മേഖലകളിൽ അവർ സ്വയം സമരരംഗത്തേക്കിറങ്ങി.

മോദിയുടെ ഭരണനാളുകളിൽ തൊഴിലില്ലായ്മ ഏറ്റവും സ്ഫോടനാത്മകമായ സ്ഥിതിയിലേക്ക് വളർന്നു. അഗ്നിവീർ പദ്ധതി പ്രഖ്യാപിക്കപ്പെട്ടപ്പോൾ യുവാക്കൾ പൊട്ടിത്തെറിച്ച് സമരരംഗത്തെത്തിയെങ്കിലും നേതൃത്വമില്ലാതെ അതലസിപ്പോയി. തൊഴിൽ രാഹിത്യം സൃഷ്ടിക്കുന്ന ഭീതിജനകമായ അനിശ്ചിതത്വമാണ് ചെറുപ്പക്കാരെ യുക്രൈൻ യുദ്ധമുന്നണിയിലേക്ക് പോലും പോകാൻ നിർബന്ധിതമാക്കുന്നത്. ഈ സാഹചര്യം മുതലെടുത്തുകൊണ്ട് മനുഷ്യക്കടത്ത് ഏജൻസികൾ ആയിരക്കണക്കിന് തൊഴിൽരഹിതരെയാണ് യുദ്ധമുന്നണിയിലേക്ക് റിക്രൂട്ട് ചെയ്തിരിക്കുന്നത്. വിദേശരാജ്യങ്ങളിലേക്ക് തൊഴിലിനായി രാജ്യംവിട്ടുപോകുന്ന ലക്ഷക്കണക്കിന് യുവാക്കളും രാജ്യം മുഴുവൻ തൊഴിൽതേണ്ടി നടക്കുന്ന കോടിക്കണക്കിന് കുടിയേറ്റത്തൊഴിലാളികളും തിരഞ്ഞെടുപ്പ് വേളയിലെ ഏറ്റവും വേദനാകരമായ രാഷ്ട്രീയ യാഥാർത്ഥ്യങ്ങളായിരുന്നു. തിരഞ്ഞെടുപ്പിൽ അതും ഒരു ഘടകമായി.

നരേന്ദ്ര മോദിയുടെ ഒരു ദശാബ്ദം നീണ്ട ഭരണത്തിന്റെ സാമ്പത്തികനയങ്ങൾ സൃഷ്ടിച്ച നീറുന്ന ജീവിതപ്രശ്നങ്ങൾ തിരഞ്ഞെടുപ്പിന്റെ വിധിയെഴുത്തിൽ ഒരളവ് വരെ മാനദണ്ഡമായി പ്രവർത്തിച്ചു എന്നതാണ് തിരഞ്ഞെടുപ്പ് ഫലം വിശകലനം ചെയ്യുമ്പോൾ മുഖ്യമായും തെളിയുന്ന വസ്തുത. ബിജെപിയും സംഘപരിവാരവും നടത്തിയ നിന്ദ്യമായ വർഗ്ഗീയ-അന്യമതവിദ്വേഷ പ്രചാരണം അവർക്ക് നേട്ടങ്ങൾ സൃഷ്ടിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ തിരഞ്ഞെടുപ്പ് ഫലം നിർണ്ണയിച്ചതിന്റെ പ്രധാനഘടകം അതുമാത്രമാണെന്ന് വിലയിരുത്താനാവില്ല. സർവ്വസീമകളും ലംഘിച്ചുകൊണ്ട് വർഗ്ഗീയവിഷം പടർത്താൻ ആവതുപണിപ്പെട്ടപ്പോഴും അത് ജനങ്ങളിൽ സമ്പൂർണ്ണസ്വാധീനം ചെലുത്താനിടയാക്കാത്തവിധമായിരുന്നു ജീവിതപ്രശ്നങ്ങളുടെ തീക്ഷ്ണത. നിരവധി മേഖലകളിൽ വർഗ്ഗീയ പ്രചാരണത്തെ തള്ളി ജീവിതയാഥാർത്ഥ്യങ്ങളെ മാനദണ്ഡമാക്കാൻ ജനങ്ങൾ തയ്യാറാവുന്നത് കാണാൻ കഴിയും. ജനങ്ങളുടെ സംഘടിതപ്രക്ഷോഭത്തിന്റെ ഭാവിദിനങ്ങളിൽ നാം കണക്കിലെടുക്കേണ്ട സുപ്രധാനമായ രാഷ്ട്രീയ വസ്തുതയും ഇതാണ്.

ജനങ്ങളുടെ ജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങളെ സാമൂഹ്യ-രാഷ്ട്രീയ മണ്ഡലത്തിന്റെ കേന്ദ്രസ്ഥാനത്ത് ഒരളവുവരെ പ്രതിഷ്ഠിക്കുന്നതിൽ ജനാധിപത്യ-മതേതര മൂല്യങ്ങളുടെ ചേരിയിൽ നിലയുറപ്പിച്ചിട്ടുള്ള സാമൂഹ്യ-സാംസ്കാരിക വ്യക്തിത്വങ്ങൾ കൈക്കൊണ്ട നിലപാടും പ്രചാരണവും സുപ്രധാന പങ്ക് വഹിച്ചു. ബിജെപി സർക്കാരിന്റെ ജനാധിപത്യ ധ്വംസനങ്ങൾക്കും ഫാസിസ്റ്റ് നയങ്ങൾക്കുമെതിരെ സമൂഹമാധ്യമങ്ങളിൽ സ്വതന്ത്രമാധ്യമ പ്രവർത്തകരും ആക്ടിവിസ്റ്റുകളും നടത്തിയ ബൃഹത്തായ പ്രചാരവേല, തിരഞ്ഞെടുപ്പിൽ അന്തർഭവിച്ചിട്ടുള്ള യഥാർത്ഥ വിഷയങ്ങൾ ജനങ്ങളുടെ പരിഗണനയിൽ വരാനിടയാക്കി.

## പാർലമെന്ററി ലക്ഷ്യങ്ങൾക്ക് അപ്പുറത്തേക്ക് ജനകീയ പ്രക്ഷോഭങ്ങളെ വളർത്താൻ പ്രതിപക്ഷം പരിശ്രമിച്ചില്ല

മോദി ഭരണം ഈ പാതകങ്ങൾക്ക് നേതൃത്വം കൊടുക്കുമ്പോൾ ഇന്ത്യയിലെ പ്രതിപക്ഷം അടുത്ത തിരഞ്ഞെടുപ്പിന്റെ കണക്കുകൂട്ടലുകളിൽ മുഴുകിയിരിക്കുകയായിരുന്നു. ഇന്ത്യയുടെ വടക്ക് പടിഞ്ഞാറ് കർഷകർ പ്രക്ഷോഭണവുമായി ഇളകി വന്നപ്പോഴും, അഗ്നിവീറിനെതിരെ വടക്കേ ഇന്ത്യയിൽ യുവജനങ്ങളുടെ രോഷാഗ്നി ആളിപ്പടരുമ്പോഴും അതിനെ സർക്കാർ നിഷ്ഠൂരമായി അടിച്ചമർത്തുമ്പോഴും പൗരത്വ നിയമത്തിനെതിരെ ഡൽഹിയിലുംമറ്റും വനിതകളുടെ നേതൃത്വത്തിൽ ഉജ്ജ്വലസമരം നടക്കുമ്പോഴും പ്രതിപക്ഷനേതാക്കൾ കുറേ ട്വീറ്റുകൾ ഇറക്കിയതല്ലാതെ രാജ്യത്തെയാകെ ഉണർത്തുന്ന പ്രക്ഷോഭമാക്കി മാറ്റാൻ ശ്രമിച്ചി

*(ശേഷം 5–ാം പേജിൽ)*

# ജീവിതപ്രശ്നങ്ങളുടെ ശാശ്വതപരിഹാരത്തിനായി ജനകീയ സമരപാതയിൽ മുന്നേറുക

(4–ാം പേജിൽ നിന്ന്)

ല്ലെന്നു മാത്രമല്ല, ജനരോഷത്തിൽനിന്ന് ഭരണകൂടത്തെ രക്ഷിക്കുകയുമാണ് ചെയ്തത്. ഇന്ത്യൻ മുതലാളിവർഗ്ഗത്തിന്റെ മറ്റൊരു വിശ്വസ്ത കക്ഷിയായ കോൺഗ്രസിന്റെ കാര്യം പോകട്ടെ, ഇടതുപക്ഷം എന്ന് വീമ്പിളക്കുന്ന സിപിഐ(എം)ഉം സിപിഐയുമൊക്കെ അതു തന്നെയാണ് ചെയ്തത്.സ്വന്തം ഭരണം നിലവിലുള്ള കേരളത്തിൽപോലും അവർ അനങ്ങിയില്ല.

നിഷ്ഠുരരായ ഭരണാധികാരികളുടെ കടന്നാക്രമണങ്ങളിൽ ചിലതിനെങ്കിലുമെതിരെ ഉയർന്നുവന്ന ജനകീയ സമരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും അടിച്ചമർത്തലുകളെ അതിജീവിച്ച് അത് വിജയം വരിക്കുമെന്ന് ഉറപ്പാക്കാൻ സർവ്വപരിശ്രമങ്ങളും നടത്തുകയും ചെയ്യുക എന്നത് ജനങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന എന്നവകാശപ്പെടുന്ന ഏതൊരു പ്രസ്ഥാനത്തിന്റെയും കടമയാണ്. ആ ചുമതല ഇന്ത്യൻ പ്രതിപക്ഷം ഈ നിർണായ കാലഘട്ടത്തിൽ നിർവഹിച്ചിരുന്നോ എന്ന ചോദ്യത്തിന് 'ഇല്ല' എന്ന ഉറച്ച മറുപടിയാണുള്ളത്. അതിനാൽതന്നെ നരേന്ദ്രമോദി സർക്കാരിന് ലഭിച്ച തിരിച്ചടിയുടെ ബഹുമതിക്ക് പ്രതിപക്ഷത്തിന് അർഹതയില്ലതന്നെ. പൊള്ളുന്ന ജീവിതാനുഭവങ്ങൾ രോഷംകൊള്ളിച്ച സാധാരണ ജനങ്ങളാണ് ആ പ്രഹരം നൽകിയിരിക്കുന്നത്. അസംതൃപ്തരായ ജനവിഭാഗങ്ങളെ കോർത്തിണക്കി രാജ്യമാസകലം ഒരു പ്രക്ഷോഭത്തിന് നേതൃത്വം നൽകാൻ പ്രതിപക്ഷ പാർട്ടികൾക്കു കഴിഞ്ഞിരുന്നുവെങ്കിൽ തിരഞ്ഞെടുപ്പുഫലം എന്തായേനെ എന്ന ചോദ്യം ഇപ്പോൾ സാങ്കല്പികമാണെങ്കിലും നഷ്ടപ്പെടുത്തിയ ഒരവസരത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ്.

തിരഞ്ഞെടുപ്പ് മുന്നിൽകണ്ട് തട്ടിക്കൂട്ടിയെടുത്ത സഖ്യമായിരുന്ന 'ഇന്ത്യ' എന്ന പേരിട്ടു വിളിച്ച മുന്നണി. അത് രൂപീകരിക്കാൻ മുൻകൈയെടുത്ത നിതീഷ് കുമാർ തന്നെയാണ് രായ്ക്കുരാമാനം മറുകണ്ടം ചാടി ബിജെപിയോടൊപ്പം പോയത്. പ്രമുഖ കക്ഷിയായ തൃണമൂൽ കോൺഗ്രസ് സഖ്യത്തിനകത്തു നിൽക്കവെതന്നെ ബംഗാളിൽ ഒറ്റയ്ക്ക് മത്സരിച്ചു. ചിലയിടങ്ങളിൽ സഖ്യമില്ലാതെ പരസ്പരം മത്സരിച്ചു. 13 സംസ്ഥാനങ്ങളിലും 5 കേന്ദ്രഭരണ പ്രദേശങ്ങളിലും ഇന്ത്യ സഖ്യം ഇല്ലായിരുന്നു. അവിടങ്ങളിൽ കോൺഗ്രസ് മത്സരിച്ച 173 സീറ്റുകളിൽ 26 എണ്ണത്തിൽ മാത്രമേ അവർക്ക് വിജയിക്കാനായുള്ളൂ. കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് സ്വന്തം ടിക്കറ്റിൽ മത്സരിച്ചു ജയിച്ച നാനൂറോളം കോൺഗ്രസ് ജനപ്രതിനിധികളാണ് ബിജെപി നീട്ടിയ പണത്തിളക്കത്തിലും ഭീഷണിയിലും പാർട്ടി വിട്ടുപോയത്. പല സംസ്ഥാനമന്ത്രിസഭകളും ബിജെപിയുടെ പാളയത്തിലേക്ക് പോയി. ഇത്തവണ സൂറത്തിലും ഇൻഡോറിലും കോൺഗ്രസ് സ്ഥാനാർത്ഥികൾ പത്രിക പിൻവലിച്ച് ബിജെപിയോടൊപ്പം പോയി. അങ്ങനെ പ്രക്ഷോഭത്തിന്റെ ബദൽ പോകട്ടെ, ബിജെപിക്ക് ശക്തമായ ഒരു പാർലമെന്ററി ബദൽ പോലും അവതരിപ്പിക്കാൻ പ്രതിപക്ഷ കക്ഷികൾക്ക് കഴിയാതെപോയി.

രാജ്യത്ത് ആകെ പോൾചെയ്ത വോട്ടുകളിൽ 36.56% മാത്രമാണ് ബിജെപിയുടെ വോട്ട് വിഹിതം. യഥാർത്ഥത്തിൽ ഒരു ന്യൂനപക്ഷത്തിന്റെ ജനപിന്തുണവെച്ചാണ് ബിജെപിയും അതിനു നേതൃത്വം നൽകുന്ന നരേന്ദ്രമോദിയും ഭരണസംവിധാനത്തെയാകെ വരുതിയിലാക്കുകയും ഇന്ത്യൻ ജനതയെയാകെ വിരട്ടി ഭരിക്കുകയുംചെയ്യുന്നത്. മോദിയുടെ നേതൃത്വത്തിൽത്തന്നെ വീണ്ടും ബിജെപി കേന്ദ്രഭരണത്തിൽ അവരോധിക്കപ്പെട്ട ഈ സന്ദർഭത്തിൽ കേവലം സീറ്റുകളുടെ എണ്ണത്തിന്റെ കണക്കുവച്ച് ഇന്ത്യയുടെ ഭാവി വിലയിരുത്താനാവില്ല. നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള ന്യൂനപക്ഷ സർക്കാർ അഞ്ചുവർഷം തികച്ചു ഭരിക്കുകയും ഇന്ത്യൻ ജനതയെ തകർത്തെറിഞ്ഞ വിനാശകരമായ ആഗോളവൽക്കരണ നയങ്ങൾ അശനിപാതംപോലെ അടിച്ചേൽപ്പിക്കുകയുംചെയ്ത ചരിത്രം നാം മറക്കരുത്.

എംപിമാരെയോ പാർട്ടികളെ ആകെത്തന്നെയോ വിലയ്ക്ക് എടുക്കാൻപോന്ന പണക്കൊഴുപ്പും അധാർമികതയും കൈമുതലായുള്ള ബിജെപിക്ക് ഏതുനിമിഷവും ടിഡിപിയുടെയും ജെഡിയുവിന്റെയും വിലപേശൽ ശക്തിയെ മറികടക്കാവുന്നതേയുള്ളൂ. കഴിഞ്ഞ പത്തു വർഷത്തേത് ട്രെയിലർ മാത്രമാണ്, അതിനുമപ്പുറം വരാനിരിക്കുന്നതേയുള്ളൂ എന്ന് പുതിയ ഗവൺമെന്റ് അധികാരത്തിലേറിയ നാളിൽത്തന്നെ മോദി പ്രഖ്യാപിച്ചത് ഇതോടൊപ്പം ചേർത്തു വായിക്കണം. എന്നുവച്ചാൽ മോദി സർക്കാരിന്റെ ദംഷ്ട്രകൾ പുറത്ത് കാട്ടിയുള്ള സംഹാരതാണ്ഡവം ആവർത്തിക്കാവുന്നതേയുള്ളൂ എന്നർത്ഥം. ഇനി ഈ സഖ്യങ്ങൾ ബിജെപിയെ ഉപേക്ഷിച്ച് മറുകണ്ടം ചാടി കോൺഗ്രസിന്റെ നേതൃത്വത്തിൽ സർക്കാർ രൂപീകരിച്ചാലും മുതലാളിത്ത നയങ്ങളിൽ മാറ്റമുണ്ടാകാൻ പോകുന്നില്ലെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. കോൺഗ്രസ് അടക്കം ഇന്ത്യ മുന്നണിയിലെ കക്ഷികൾ അധികാരം കൈയാളുന്ന വിവിധ സംസ്ഥാനങ്ങളിലെ അവരുടെ അടിസ്ഥാന ഭരണ നയങ്ങൾ പരിശോധിച്ചാലും മോദി ഭരണത്തിൽനിന്ന് ഏറെ വ്യത്യസ്തമല്ല എന്ന് മനസ്സിലാകും.

## കേരളത്തിലെ യുഡിഎഫ് വിജയം പ്രതിഫലിപ്പിക്കുന്നതെന്ത്?

സംസ്ഥാനത്തെ 20 സീറ്റുകളിൽ 18 സീറ്റും നേടി യുഡിഎഫ് കഴിഞ്ഞ തവണത്തെ വിജയം ഏറെക്കുറെ ആവർത്തിച്ചിരിക്കുകയാണ്. വടക്കൻ കേരളത്തിലെ ഏതാണ്ട് എല്ലാ മണ്ഡലത്തിലും ഒരു ലക്ഷത്തിലേറെ വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് യുഡിഎഫ് വിജയം നേടിയിട്ടുള്ളത്. സംസ്ഥാനം ഭരിക്കുന്ന സിപിഐ(എം) മുന്നണിയുടെ നയങ്ങൾക്കെതിരായ അതിശക്തമായ വികാരമാണ് ഇത്തരമൊരു വിധിയെഴുത്തിന് പ്രധാന കാരണമായിട്ടുള്ളത്. അതു ചൂണ്ടിക്കാണിച്ച ജനാധിപത്യ-മതേതര ചിന്താഗതിയുടെ ശക്തനായ വക്താവായ ബിഷപ്പിനെ വിവരദോഷിയെന്നു മുദ്രകുത്തിയും മാധ്യമപ്രവർത്തകനെ ദില്ലിയിൽ പരിഹസിച്ചും മുഖ്യമന്ത്രി തന്റെ പതിവ് ശൈലിയിൽ എൽഡിഎഫ് ഭരണത്തെ രക്ഷിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും പിണറായി ഭരണത്തിനെതിരായ പൊട്ടിത്തെറിയാണ് ഈ തിരഞ്ഞെടുപ്പ് ഫലം നിർണ്ണയിച്ചതെന്ന് പ്രാഥമിക രാഷ്ട്രീയധാരണയുള്ള ഏതൊരാൾക്കും തിരിച്ചറിയാൻ കഴിയുന്ന വസ്തുതയാണ്.

സമ്പന്നവിഭാഗത്തിന്റെ മൂലധന താൽപ്പര്യങ്ങളും കോർപ്പറേറ്റ് അജണ്ടയുമാണ് പിണറായി ഭരണത്തെ നയിക്കുന്നത്. സംസ്ഥാനത്ത് തൊഴിലില്ലായ്മ 30 ശതമാനം പിന്നിടുന്നതായി ലേബർ റിപ്പോർട്ട് വ്യക്തമാക്കുന്നു. ദരിദ്രരും ഇടത്തരക്കാരുമായ ജനങ്ങൾ ജീവിതക്ലേശങ്ങളുടെ മുമ്പിൽ പകച്ചുനിൽക്കുകയാണ്. വിലക്കയറ്റം സൃഷ്ടിക്കുന്ന നിസ്സഹായതയും ആധിയും മാനംമുട്ടെ വളരുന്നു. സപ്ലൈക്കോ ഉൾപ്പടെയുള്ള എല്ലാ സംവിധാനങ്ങളും തകർന്നടിഞ്ഞു. ജീവനക്കാർക്ക് അവകാശപ്പെട്ട അരലക്ഷം കോടി രൂപയാണ് സർക്കാർ കവർന്നെടുത്തിരിക്കുന്നത്. നാമമാത്രമായ പെൻഷൻ പോലും നിലച്ചിട്ട് ആറു മാസം പിന്നിട്ടു, പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപെന്റ് മാസങ്ങളായി മുടങ്ങിയിട്ടുള്ള സംസ്ഥാനത്ത്, ആർഭാടത്തിനും ധൂർത്തിനും ദുർച്ചെലവിനും കോടികളാണ് പൊടിക്കുന്നത്. കേരളത്തിലെ സർക്കാരാശുപത്രികളിൽ സൗജന്യ ചികിൽസ ഏതാണ്ട് നിലച്ച അവസ്ഥയിലാണ്. ഇൻഷ്വുറൻസ് സമ്പ്രദായം പൊതുജനാരോഗ്യ സംവിധാനത്തെ നിലംപരിശാക്കി. സർക്കാരാശുപത്രികളിൽ മരുന്നുകൾ ലഭിക്കാതായിട്ട് ഒരു വർഷം പിന്നിട്ടിരിക്കുന്നു. ഈ വക നയങ്ങളുടെയും നടപടികളുടെയും ഇരയായിട്ടുള്ള ലക്ഷക്കണക്കിന് ജനങ്ങൾ പിണറായി ഭരണത്തിനെതിരെ വിധിയെഴുതുകയാണ് ചെയ്തത്. യുഡിഎഫ് അനുകൂലമായ എന്നതിനേക്കാളും എൽഡിഎഫ് വിരുദ്ധമായ വിധിയെഴുത്താണ് കേരളത്തിൽ നടന്നത്.

സംസ്ഥാനത്ത് ഒരു സീറ്റിൽ എൻഡിഎ സ്ഥാനാർത്ഥി വിജയിക്കുകയുണ്ടായി. ബിജെപിയുടെ രാഷ്ട്രീയമുന്നേറ്റത്തിന്റെ പ്രതിഫലനമായി ഈ വിജയത്തെ കാണാനാവില്ല. ബിജെപിയുടെ രാഷ്ട്രീയവോട്ടുകൾക്കു പുറത്തുനിന്ന് പല ഘടകങ്ങൾ ഉപയോഗപ്പെടുത്തി വോട്ട് സമാഹരിക്കാൻ സ്ഥാനാർത്ഥിക്ക് വ്യക്തിപരമായി കഴിഞ്ഞുവെന്നതാണ് തൃശ്ശൂരിലെ നേട്ടത്തിന്റെ പിറകിലുള്ള പ്രധാന വസ്തുത. ക്രൈസ്തവ നേതൃത്വവുമായി സ്ഥാനാർത്ഥി രൂപപ്പെടുത്തിയ പരസ്പര സഹായകരാറിന്റെ അടിസ്ഥാനത്തിൽ, പരമ്പരാഗതമായ കോൺഗ്രസ്സിന് വോട്ടുചെയ്തുവന്നിരുന്ന ക്രൈസ്തവന്യൂനപക്ഷത്തിന്റെ വോട്ട് എൻഡിഎ സ്ഥാനാർത്ഥിക്ക് ഒന്നാകെ മറിയുകയുണ്ടായി. തിരഞ്ഞെടുപ്പിനുശേഷമുള്ള സ്ഥാനാർത്ഥിയുടെ പ്രതികരണത്തിൽ നിന്നുതന്നെ ഇത് വ്യക്തമായി.

ബിജെപി- സംഘപരിവാർ കോട്ടകൾ എന്നറിയപ്പെടുന്ന ഗുജറാത്തിലും യുപിയിലുമടക്കം മിക്കവാറുമെല്ലാ സംസ്ഥാനങ്ങളിലും ബിജെപിയുടെ വോട്ട് വിഹിതം 2019നെ അപേക്ഷിച്ചു കുറഞ്ഞപ്പോൾ കേരളത്തിൽ അവർക്ക് ഒരു സീറ്റും നാല് ശതമാനം വോട്ട് വർദ്ധനവുമുണ്ടായത് ജനാധിപത്യ വിശ്വാസികളെ ആശങ്കപ്പെടുത്തുകയാണ്. എൽഡിഎഫിനോടും സിപിഐ(എം)നോടും വിശിഷ്യ പിണറായി വിജയനോടുമുള്ള ജനരോഷത്തിന്റെ ഒരു വിഹിതമാണ് ബിജെപിയുടെ പെട്ടിയിൽ എത്തിയത്. ബിജെപിയുടെ നയങ്ങൾക്കെതിരായ ഫലപ്രദമായ പ്രചരണമൊന്നുംതന്നെ സിപിഐ(എം) കേരളത്തിൽ നടത്തിയിരുന്നില്ല. അവരുടെ പ്രചാരണത്തിന്റെ കുന്തമുന കോൺഗ്രസിനും വിശിഷ്യ രാഹുൽ ഗാന്ധിക്കുമെതിരെ ആയിരുന്നു. ശക്തമായ സാംസ്കാരിക മുന്നേറ്റത്തിന്റെ അഭാവത്തിലും നവോത്ഥാന പ്രസ്ഥാനം സൃഷ്ടിച്ച സാംസ്കാരിക ഉണർവ് ക്രമേണ ദുർബലമായതുമൂലവും, വോട്ട് നേട്ടങ്ങൾക്കായി ജാതി-മത ശക്തികളെ എല്ലാമുന്നണികളുംപ്രീണിപ്പിക്കുന്നതുകൊണ്ടും ബിജെപി പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് പാകമുള്ള മണ്ണായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. പ്രവർത്തനങ്ങളിലും പെരുമാറ്റങ്ങളിലും രീതിമര്യാദകളിലും തികഞ്ഞ ജനാധിപത്യവിരുദ്ധത വച്ചുപുലർത്തുന്ന സിപിഐ(എം)ന്റെ നിലപാടുകൾ ബംഗാളിൽ എന്നതുപോലെ കേരളത്തിലും ബിജെപിക്ക് പാതയൊരുക്കുന്നതിൽ വലിയൊരു പങ്കു വഹിച്ചിട്ടുണ്ട്.

## മുതലാളിത്ത നയങ്ങൾക്കെതിരായ ജനകീയ പ്രക്ഷോഭത്തിന്റെ ദൗത്യം അചഞ്ചലം നിറവേറ്റുക

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ 18 പാർലമെന്റ് തിരഞ്ഞെടുപ്പുകൾ ഇതിനോടകം നടന്നിരിക്കുന്നു. സ്വാതന്ത്ര്യലബ്ധതയോടെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൽനിന്ന് ഭരണകൂടാധികാരം കൈയടക്കിയ ഇന്ത്യൻ മുതലാളിവർഗ്ഗം അവരുടെ താൽപര്യങ്ങൾ കാര്യക്ഷമതയോടെ സംരക്ഷിക്കുന്ന രാഷ്ട്രീയ കക്ഷികളെ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിക്കുന്നു. അതോടൊപ്പംതന്നെ അധികാരത്തിലിരിക്കുന്ന കക്ഷി അവരുടെ ദുഷ്ചെയ്തികളിലൂടെ ജനങ്ങളുടെ വെറുപ്പിന് പാത്രമായാൽ മറ്റൊരു കക്ഷിയെയോ മുന്നണിയെയോ പകരം അവരോധിക്കാൻ ഒരുക്കി നിർത്തുകയും ചെയ്യും. അങ്ങനെ ഭരിക്കാനായി തിരഞ്ഞെടുക്കപ്പെടുന്ന കക്ഷി, മൂലധന ശക്തികളെ പോഷിപ്പിക്കാനായി നയങ്ങളും നടപടികളും കൈക്കൊള്ളും.

സകല പുരോഗമന സ്വഭാവവും നഷ്ടപ്പെട്ട് ജീർണ്ണവും മരണാസന്നവുമായ മുതലാളിത്തത്തിന്റെഈഘട്ടത്തിൽചെറുതോവലുതോ ആയ സകല മുതലാളിത്ത ഭരണകൂടവും ഫാസിസ്റ്റ് സ്വഭാവം കൈക്കൊള്ളുമെന്ന് മഹാനായ മാർക്സിസ്റ്റ് ദാർശനികൻ സഖാവ് ശിബ്ദാസ് ഘോഷ് നൽകിയ പാഠം നാം മറക്കരുത്. ഈ സ്വാഭാവിക പ്രവണതയെ തടഞ്ഞു നിർത്തുവാനുള്ള ഒരേയൊരു മാർഗം ബഹുജനപ്രക്ഷോഭങ്ങളാണ്. പാർലമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ചും അവിടുത്തെ നടപടിക്രമങ്ങൾ അട്ടിമറിച്ചും ബിജെപി ഗവൺമെന്റ് ജനവിരുദ്ധനിയമങ്ങൾ ആവിഷ്കരിച്ചുകൊണ്ടിരുന്നപ്പോൾ അവയിലൊന്നുപോലും പാർലമെന്റിൽ പരാജയപ്പെടുത്താനായില്ല. മറിച്ച്, ഒരേയൊരു നിയമം മാത്രമാണ് പിൻവലിപ്പിക്കാനായത്; കർഷകമാരണ നിയമം. തെരുവിൽ അലയടിച്ചുയർന്ന ത്യാഗഭരിതമായ, സുദീർഘമായ, കീഴടങ്ങാത്ത കർഷകപ്രക്ഷോഭണത്തിലൂടെയാണ് അത് സാദ്ധ്യമായത്. അതാണ് മാതൃക. അതു സൃഷ്ടിച്ച അലകളാണ് പ്രക്ഷോഭം ഉയർന്നുപൊന്തിയ ഇടങ്ങളിൽ ബിജെപിക്ക് കിട്ടിയ തിരഞ്ഞെടുപ്പ് തിരിച്ചടികൾ. അതു കാരണമാണ് അവർക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷം കിട്ടാതെ പോയത്. അല്ലായിരുന്നെങ്കിൽ 'ചാർ സൗ പാർ' അവർക്ക് അപ്രാപ്യമായ ഒന്നായിരുന്നില്ല.

'കോർപ്പറേറ്റുകൾക്കുവേണ്ടി രാജ്യം ഭരിക്കുന്ന ബിജെപി ഭരണത്തെ പുറത്താക്കുക, ജനകീയ സമര രാഷ്ട്രീയത്തെ ശക്തിപ്പെടുത്തുക' എന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഉയർത്തിയ മുദ്രാവാക്യത്തിന്റെ പ്രസക്തി ഇവിടെയാണ്. അതുയർത്തിക്കൊണ്ട് രാജ്യമാകമാനം 151 മണ്ഡലങ്ങളിൽ ബിജെപിയുടെ രാഷ്ട്രീയത്തിന്റെ അപകടം നിർഭയം തുറന്നുകാട്ടി. ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നു നടത്തിയ പ്രസ്തുത പ്രചാരണം, തിരഞ്ഞെടുപ്പനന്തര സാഹചര്യത്തിൽ ജനങ്ങൾക്ക് ദിശാബോധം നൽകുവാൻ ഉദ്ദേശിച്ചുള്ളതായിരുന്നു. സിപിഐ(എം) അടക്കമുള്ള സകലകക്ഷികളും ജനങ്ങൾ അഭിമുഖീകരിക്കുന്ന നീറുന്ന വിഷയങ്ങൾ തിരഞ്ഞെടുപ്പ് ക്യാമ്പയിൻ വേളയിൽ ഉന്നയിക്കാതെ വിട്ടതും

(ശേഷം 6–ാം പേജിൽ)

# ഇസ്രയേലിനെതിരെ പ്രതിഷേധിക്കുന്ന വിദ്യാർത്ഥികൾക്കുമേൽ അമേരിക്കയിൽ കിരാതമായ പോലീസ് അക്രമണം

ചരിത്രത്തിൽ ഉടനീളം സാമൂഹ്യമാറ്റത്തിന്റെ ചാലകശക്തികൾ ആയിരുന്നു സർവ്വകലാശാലകൾ. അമേരിക്കയിലെ പൗരാവകാശ പ്രക്ഷോഭം മുതൽ ദക്ഷിണാഫ്രിക്കയിൽ വർണ്ണവിവേചനത്തിനെതിരെ നടന്ന പ്രക്ഷോഭംവരെ ന്യായാധിഷ്ഠിതവും സമത്വസുന്ദരവുമായ ഒരു ലോകം സൃഷ്ടിക്കാനായി നടന്ന ബഹുജന മുന്നേറ്റങ്ങളുടെ മുൻനിരയിൽ സർവ്വകലാശാല വിദ്യാർത്ഥികളും അധ്യാപകരും ഉണ്ടായിരുന്നു. ഒരു ജനാധിപത്യ സംവിധാനത്തിൽ വളരെ കാതലായ സ്ഥാനമാണ് ഇത്തരം പ്രക്ഷോഭങ്ങൾക്കുള്ളത്. എല്ലാ ജനാധിപത്യ സമൂഹങ്ങളിലും ഭരണഘടനയിലെ അടിസ്ഥാന പ്രമാണങ്ങളുടെയും ജനാധിപത്യ മൂല്യങ്ങളുടെയും ആണിക്കല്ലാണ് പ്രതിഷേധിക്കാനുള്ള അവകാശം.

അമേരിക്കൻ സാമ്രാജ്യത്വം നയിക്കുന്ന ഏകധ്രുവ ലോകത്ത്, സോവിയറ്റ് യൂണിയന്റെയും സോഷ്യലിസ്റ്റ് ചേരിയുടെയും അഭാവം മുതലെടുത്ത്, മുതലാളിത്ത സാമ്രാജ്യത്വ ശക്തികൾ എല്ലാജനാധിപത്യ മര്യാദകളും കീഴ്‌വഴക്കങ്ങളും കാറ്റിൽ പറത്തിയിരിക്കുന്നു. ഫാസിസം ഇന്ന് എല്ലാ മുതലാളിത്ത രാജ്യങ്ങളുടെയും പൊതുസ്വഭാവമായി മാറിയിരിക്കുന്നു. എത്ര സമാധാനപൂർണമായി പ്രകടിപ്പിച്ചാലും ഒരു തരത്തിലുള്ള അഭിപ്രായവ്യത്യാസവും അനുവദിക്കുന്നതല്ല; ഒരുതരത്തിലുള്ള പ്രതിഷേധവും സഹിക്കുന്നതും അല്ല. ന്യായമായ ജനകീയ മുന്നേറ്റങ്ങളെ അടിച്ചമർത്തുന്നത് ഇന്ന് വ്യാപകമായിരിക്കുന്നു. അമേരിക്കയിലെ പ്രമുഖ സർവ്വകലാശാലകളായ ഹാർവാർഡ്, എംഐടി, പ്രിൻസ്റ്റൻ, കൊളംബിയ തുടങ്ങിയ സർവ്വകലാശാലകളിൽ പലസ്തീൻ വിഷയത്തിൽ പ്രതിഷേധിക്കാൻ ഇറങ്ങിയ വിദ്യാർഥികൾക്ക് കടുത്ത പോലീസ് അതിക്രമമാണ് നേരിടേണ്ടി വന്നത്. റബ്ബർ ബുള്ളറ്റുകളും കണ്ണീർവാതകവും തോക്കുകൾവരെയും ഉപയോഗിച്ചു. വിദ്യാർത്ഥികൾ വ്യാപകമായി അറസ്റ്റിലായി. സർവ്വകലാശാലകൾ ഉയർത്തിപ്പിടിക്കുന്ന സ്വതന്ത്രചിന്തയുടെ അന്തരീക്ഷം ഭയത്തിന്റെയും അടിച്ചമർത്തലിന്റെയും കാർമേഘംകൊണ്ട് മൂടിയിരിക്കുന്നു.

പലസ്തീൻ ജനതയെ വംശീയമായി ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുകയാണ് സയണിസ്റ്റ് ഇസ്രയേൽ. സ്ത്രീകളും കുഞ്ഞുങ്ങളും ഉൾപ്പെടെ ആയിരക്കണക്കിന് നിരപരാധികൾ കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്നു. യുദ്ധമുഖങ്ങളിൽ കുടുങ്ങിക്കിടക്കുന്ന നിസ്സഹായരായ മനുഷ്യർക്ക് സഹായം എത്തിക്കാൻ അന്താരാഷ്ട്ര ഏജൻസികളെ അവർ അനുവദിക്കുന്നില്ല. ഹോസ്പിറ്റലുകളും സ്കൂളുകളും അഭയാർത്ഥി കേന്ദ്രങ്ങൾപോലും ബോംബിട്ട് തകർക്കുന്നു. ഇത്ര പ്രാകൃതമായ ഒരാക്രമണം ലോകം മുൻപ് കണ്ടിട്ടില്ല. ഇസ്രയേലിന്റെ ഹീനമായ അതിക്രമങ്ങൾ അമേരിക്കൻ ഭരണകൂടത്തിന്റെ മൗനാനുവാദത്തോടെയാണ് നടക്കുന്നത്. ഈ കൂട്ടക്കുരുതിക്ക് വേണ്ട അത്യാധുനിക ആയുധങ്ങൾ നൽകുന്നത് പെന്റഗൺ ആണ്. ഇസ്രയേൽ ഗവൺമെന്റോ കമ്പനികളോ നൽകുന്ന ഫണ്ട് സർവകലാശാലകൾ സ്വീകരിക്കരുതെന്ന് പ്രക്ഷോഭകാരികളായ വിദ്യാർത്ഥികൾ ആവശ്യപ്പെടുന്നു.

ഗാസയിലെ മനുഷ്യരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള അമേരിക്കൻ വിദ്യാർത്ഥികളുടെ പ്രക്ഷോഭം നൂറോളം ക്യാമ്പസുകളിലേക്ക് പടർന്നു പിടിച്ചു. ക്യാമ്പസുകളിൽ കൂടാരങ്ങൾ കെട്ടിയുണ്ടാക്കി, അവിടെ ക്യാമ്പ് ചെയ്തുകൊണ്ടുള്ള സമരം ആരംഭിച്ചു. അധ്യാപകരും ഈ പ്രതിഷേധത്തിൽ അണിനിരന്നു. വിദ്യാർത്ഥികളുടെ ധീരോജ്ജ്വലമായ ചെറുത്തുനിൽപ്പ് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അനുരണനങ്ങൾ സൃഷ്ടിച്ചു. കാനഡ, ഫ്രാൻസ്, ആസ്ട്രേലിയ, ഇന്ത്യ ഉൾപ്പെടെ നിരവധി രാജ്യങ്ങളിലേയ്ക്ക് പ്രതിഷേധം പടർന്നു.




വിദ്യാർത്ഥി പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് എഐഡിഎസ്ഒ കോഴിക്കോട് നടത്തിയ പ്രകടനത്തെ സംസ്ഥാന സെക്രട്ടറി ആർ.അപർണ അഭിസംബോധന ചെയ്യുന്നു.

അമേരിക്കൻ പ്രസിഡന്റ് ജോബൈഡനും മുൻപ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഒറ്റക്കെട്ടായി പോലീസിന്റെ കിരാത നടപടികൾക്ക് പിന്തുണ പ്രഖ്യാപിച്ചിരിക്കുന്നു. തിരഞ്ഞെടുപ്പിൽ എതിരാളികൾ ആണെങ്കിലും റിപ്പബ്ലിക്കന്മാരും ഡെമോക്രാറ്റുകളും അമേരിക്കയിലെ കുത്തകകളുടെയും കോർപ്പറേറ്റുകളുടെയും താല്പര്യമാണ് സംരക്ഷിക്കുന്നത് എന്നതും ഇതിൽനിന്ന് വ്യക്തമാണ്. പലസ്തീനിലെ നിസ്സഹായരായ മനുഷ്യർക്കുവേണ്ടിയുള്ള പ്രതിഷേധങ്ങളെ ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ച് നിന്ന് അടിച്ചമർത്തുകയാണെന്ന കാര്യം അമേരിക്ക ജനാധിപത്യത്തിന്റെ പറുദീസയാണെന്ന് കരുതുന്നവർ കാണേണ്ടതുണ്ട്.

വിദ്യാർത്ഥി പ്രക്ഷോഭങ്ങളോട് സർവ്വകലാശാല അധികാരികളും മുഖം തിരിഞ്ഞ് നിൽക്കുകയാണ്. വിദ്യാർത്ഥികളുടെ പ്രതിഷേധിക്കാനുള്ള അവകാശം സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറി അവർ ഭരണകൂടത്തിന്റെ മർദ്ദനത്തിന് കൂട്ടുനിൽക്കുന്നു. എതിരഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും വിനിമയവും സംവാദവും എന്ന ചുമതലയും അവർ കൈയൊഴിഞ്ഞിരിക്കുന്നു. എസ്‌യുസിഐ (സി) യുടെ സ്ഥാപക ജനറൽ സെക്രട്ടറിയും മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടിയതുപോലെ, "സാമൂഹ്യ വികാസത്തിന്റെ എല്ലാ ഘട്ടത്തിലും എല്ലാ നാട്ടിലും വിപ്ലവ ആശയങ്ങളാൽ ആകൃഷ്ടരായി മുന്നോട്ടുവരുക വിദ്യാർത്ഥികളും യുവാക്കളുമാണ്. പൂർണ്ണ സമർപ്പണത്തോടെ അവർ ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെല്ലുന്നു. അവരുടെ ആവേശം ഉയർത്തുകയും ജനങ്ങളുടെ രാഷ്ട്രീയ അധികാരം സൃഷ്ടിക്കുന്നതിനായി ആയിരക്കണക്കിനായി അവരെ സംഘടിപ്പിക്കുകയും ചെയ്യുന്നു." (SW Vol IV).

ശരിയായ ദിശയും ശരിയായ നേതൃത്വവും ഏതൊരു ജനകീയ പ്രക്ഷോഭത്തിനും അനിവാര്യമാണ്. അല്ലാത്തപക്ഷം ആ സമരങ്ങൾ ഒറ്റപ്പെട്ട ചെറിയ തീപ്പൊരികൾ ആയി അവശേഷിക്കും. ആളിപ്പടരാൻ അത്തരം സമരങ്ങൾക്ക് കഴിയില്ല. ഏതൊരു ജനകീയ പ്രക്ഷോഭവും അതിന്റെ യുക്തിസഹമായ പരിസമാപ്തിയിൽ എത്തണമെങ്കിൽ മുൻനിരയിൽ ശരിയായ ഒരു വിപ്ലവ നേതൃത്വം ആവശ്യമാണ്. ഈ പാഠം ശരിയായി ഉൾക്കൊള്ളണമെന്ന് പൊരുതുന്ന എല്ലാ ജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

## പലസ്തീൻ ഐക്യദാർഢ്യ സംഗമം

സയണിസ്റ്റ് ഇസ്രയേൽ സാമ്രാജ്യത്വ കൂട്ടുകെട്ട് പലസ്തീനുമേൽ നടത്തുന്ന ആക്രമണങ്ങൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കോഴിക്കോട് 'പലസ്തീൻ ഐക്യദാർഢ്യ സംഗമം' സംഘടിപ്പിച്ചു. കേന്ദ്രകമ്മിറ്റിയംഗം കെ. ശ്രീധർ ഉദ്ഘാടനം ചെയ്തു.

"ഗാസയിൽ നടക്കുന്നത് യുദ്ധമല്ല, ഏകപക്ഷീയമായ കൂട്ടക്കശാപ്പാണ്. ദുർബ്ബലനുമേൽ നടത്തുന്ന അതിക്രമങ്ങൾ യുദ്ധമെന്ന പേരിൽ സാമ്രാജ്യത്വരാജ്യങ്ങൾ വിവിധ രാജ്യങ്ങൾക്ക് മേൽ അഴിച്ചു വിടുകയാണ്. ഇരയാകുന്ന ജനത ഇതിനെതിരെ സ്വാഭാവികമായി ഉയർന്നു വരും. ലോകത്ത് ശക്തമായ ഒരു യുദ്ധവിരുദ്ധ ചേരി ഉയർന്നുവന്നെങ്കിൽ മാത്രമേ ഇതിനെ തടയാനാകൂ. സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിൽ നിലനിന്ന സോഷ്യലിസ്റ്റ് ചേരി യുദ്ധക്കൊതിയന്മാരായ രാജ്യങ്ങളെ ശക്തമായി ചെറുത്തുനിന്ന മാതൃക ലോകത്തിന് മുന്നിലുണ്ട്. ഈ മാതൃക പിന്തുടർന്ന് ലോകത്തെ സോഷ്യലിസ്റ്റ് ശക്തികൾ സാർവ്വദേശീയ തലത്തിൽ തൊഴിലാളി വർഗ്ഗത്തെ സംഘടിപ്പിച്ച് സാമ്രാജ്യത്ത ശക്തികളെ പരാജയപ്പെടുത്തുക എന്നതാണ് പരിഹാര മാർഗ്ഗം. അക്രമത്തിനിരയാകുന്ന ജനങ്ങൾക്കൊപ്പം നിൽക്കുന്ന പാരമ്പര്യം ഉപേക്ഷിച്ച് യുദ്ധക്കൊതിയന്മാരെ പിന്തുണയ്ക്കുന്ന കേന്ദ്രസർക്കാർ നിലപാട് മനുഷ്യത്വ വിരുദ്ധമാണ്. ഇതിനെതിരെ വിശാലമായ സമാധാന പ്രസ്ഥാനം പടുത്തുയർത്താൻ ജനങ്ങൾ മുന്നോട്ടു വരണം", അദ്ദേഹം പറഞ്ഞു.







കോഴിക്കോട് നടന്ന പലസ്തീൻ ഐക്യദാർഢ്യറാലി. ഐക്യദാർഢ്യ സംഗമത്തിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റി അംഗം സഖാവ് കെ.ശ്രീധർ പ്രസംഗിക്കുന്നു.

പാർട്ടി സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റിയംഗങ്ങളായ ടി.കെ.സുധീർ കുമാർ, എസ്.രാജീവൻ, മിനി കെ.ഫിലിപ്പ്, ജ്യോതി കൃഷ്ണൻ, വി.കെ. സദാനന്ദൻ ജില്ലാ കമ്മിറ്റിയംഗം പി.എം. ശ്രീകുമാർ, ഡോ. ഡി.സുരേന്ദ്രനാഥ്, ഡോ.എം.ജ്യോതിരാജ് തുടങ്ങിയവർ പ്രസംഗിച്ചു. സംഗമത്തിന് മുന്നോടിയായി ഐക്യദാർഢ്യപ്രകടനം നടന്നു. ■


## തിരഞ്ഞെടുപ്പ് വിശകലനം...

(5–ാം പേജിൽ നിന്ന്)

കേവലം റോഡ് ഷോകളിലും ഹൈടെക് സോഷ്യൽമീഡിയ പ്രചാരണങ്ങളിലും മാത്രം ഒതുങ്ങിയതും ബോധപൂർവ്വമായിരുന്നു. ഭരണം കരസ്ഥമായാൽ മുതലാളിത്ത സേവയ്ക്കായി ജനവിരുദ്ധ നയങ്ങൾ, നടപടികൾ സ്വീകരിക്കേണ്ടിവരും എന്നുറപ്പുള്ളതുകൊണ്ടാണ് ജനങ്ങളുടെ വിഷയങ്ങൾ അവതരിപ്പിക്കാതെ വോട്ട് തട്ടുവാൻ വേണ്ടി മാത്രമുതകുന്ന വിഷയങ്ങളിൽ അവർ അഭിരമിച്ചത്.

മുതലാളിത്തം അഭിമുഖീകരിക്കുന്ന അപരിഹാര്യമായ കമ്പോള പ്രതിസന്ധിയെയോ, ഗതിവേഗം കൂടിക്കൊണ്ടിരിക്കുന്ന മൂലധന കേന്ദ്രീകരണത്തെയോ തടയിടാൻ ഈ തിരഞ്ഞെടുപ്പിനായിട്ടില്ല. ഈ വ്യവസ്ഥിതിയിൻകീഴിലുള്ള ഒരു തിരഞ്ഞെടുപ്പിനും അതാവുകയുമില്ല. അതിനാൽ, അടിസ്ഥാനജീവിത പ്രശ്നങ്ങൾ തുടർന്നും നിലനിൽക്കുമെന്ന് മാത്രമല്ല അവ രൂക്ഷമാകുകയും ചെയ്യും എന്നുള്ളത് തീർച്ചയാണ്. അതിനാൽത്തന്നെ ജനരോഷം ഉരുണ്ടുകൂടുകയും അത് പ്രക്ഷോഭണങ്ങളിലേക്കും ചെറുത്തുനിൽപ്പുകളിലേക്കും നയിക്കുമെന്നും ഭരണാധികാരികൾക്ക് നന്നായറിയാം. നേരിടുന്ന അപകടത്തെ മറികടക്കാൻ ഒരുമിക്കുക എന്നത് മനുഷ്യസഹജമാണ്. അതിനാൽ ജനങ്ങളുടെ ഐക്യത്തെ അവർ ഭയപ്പെടുന്നു. ആ ഐക്യപ്പെടലിനെ തകർക്കാനുള്ള മതവിദ്വേഷം അടക്കമുള്ള പരമ്പരാഗത മാർഗ്ഗങ്ങളെ ബൂർഷ്വാസി കൈവെടിയില്ല. അതുപോലെതന്നെ, തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പൊതുവാണ് എന്ന ജനങ്ങളുടെ തിരിച്ചറിവ് പ്രക്ഷോഭണത്തിന്റെ വേദിയിൽ ജാതിമതഭിന്നതകളെ നേർപ്പിച്ചു കളയും. സമരസാഹോദര്യം ഉയർന്ന സംസ്കാരം പ്രദാനം ചെയ്യും, ഏതൊരാക്രമണത്തെയും നേരിടാനുള്ള കരുത്ത് പകരും. തൊഴിലാളി വർഗ്ഗത്തിന്റെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷ് കെട്ടിപ്പടുത്ത എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി മുന്നോട്ടുവയ്ക്കുന്ന ജനകീയ പ്രക്ഷോഭണത്തിന്റെ രാഷ്ട്രീയം മാത്രമേ ആത്യന്തിക മോചനത്തിന്റെ മാർഗ്ഗം തെളിക്കൂ. അത്തരമൊരു പ്രക്ഷോഭണത്തിന്റെ പാതയിൽ അണിനിരക്കേണ്ടതിന്റെ അടിയന്തരാവശ്യകതയാണ് ഈ തിരഞ്ഞെടുപ്പുഫലം ജനങ്ങളെ ഓർമ്മിപ്പിക്കുന്നത്. ■

# വിട, ബിആർപി...



**കേ**രളത്തിലെ ജനകീയ സമരരാഷ്ട്രീയത്തിന് പതിറ്റാണ്ടുകൾ പ്രചോദനമേകിയ ബിആർപി ഭാസ്കർ അഥവാ ബാബു രാജേന്ദ്ര പ്രസാദ് ഭാസ്കർ വിടവാങ്ങി. ജൂൺ 4ന് തിരുവനന്തപുരത്ത് വെച്ച് അദ്ദേഹം മരിക്കുമ്പോൾ 92 വയസ്സായിരുന്നു. ഏപ്രിൽ 10ന്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തിരുവനന്തപുരം മണ്ഡലം സ്ഥാനാർത്ഥി സഖാവ് എസ്.മിനിയുടെ തിരെഞ്ഞെടുപ്പ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തത് ബിആർപി ആയിരുന്നു. അദ്ദേഹം പങ്കെടുത്ത അവസാന രാഷ്ട്രീയ ചടങ്ങായിരുന്നു അത്. നമ്മുടെ രാജ്യത്ത് ജനാധിപത്യത്തെ തകർക്കുന്ന ഭരണകൂട നടപടികൾക്കെതിരെയായിരുന്നു അദ്ദേഹം അവസാന നിമിഷം വരെയും പോരാടിയത്. അവസാന പ്രസംഗത്തിലും ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കാനുള്ള പോരാട്ടത്തെ ശക്തിപ്പെടുത്താനാണ് ആഹ്വാനം നൽകിയത്.

മാധ്യമരംഗത്തെ കുലപതിആയിരുന്ന ബിആർപി. 1952ൽ ദ ഹിന്ദുവിൽ റിപ്പോർട്ടർ ആയി പത്രപ്രവർത്തനം ആരംഭിച്ച അദ്ദേഹം സ്റ്റേറ്റ്സ്‌മെൻ, പേട്രിയറ്റ്, ഡെക്കാൻഹെറാൾഡ് എന്നിവയിൽ എഡിറ്ററായി പ്രവർത്തിച്ചു. ഏഷ്യാനെറ്റ് ന്യൂസ് ചാനൽ ആരംഭിച്ചപ്പോൾ അതിന്റെ വാർത്താ വിഭാഗം ഉപദേഷ്ടാവായിരുന്നു. പിന്നീടും നിരവധി മാധ്യമങ്ങളിൽ കോളമിസ്റ്റായി, 70 വർഷം സാമൂഹിക -ചരിത്ര വീക്ഷണത്തോടെ പേന ചലിപ്പിച്ച,മാധ്യമപ്രതിഭയായിരുന്ന ബിആർപി.

കേരളത്തിലെ ന്യായമായ എല്ലാ ജനകീയ സമരങ്ങളിലും മനുഷ്യവകാശ പോരാട്ടങ്ങളിലും നിറസാന്നിധ്യമായി ബിആർപി ഉണ്ടായിരുന്നു. ചെങ്ങറ സമരത്തിൽ, നന്ദിഗ്രാം ഐക്യദാർഢ്യ സമരങ്ങളിൽ, വിദ്യാഭ്യാസ സംരക്ഷണ സമരങ്ങളിൽ, വിഴിഞ്ഞം കുടിയിറക്കൽ വിരുദ്ധ സമരത്തിൽ, കരിമണൽ ഖനന വിരുദ്ധ സമരത്തിൽ, സ്ത്രീ സുരക്ഷാ സമ്മേളനങ്ങളിൽ ഒക്കെ അദ്ദേഹം മുൻനിരയിൽ ഉണ്ടായിരുന്നു. ഭരണകൂട ഭീകരതകൾക്കെതിരെ നടന്ന എല്ലാ ജനാധിപത്യ സമരസംഗമങ്ങളും ബിആർപിയുടെ സാന്നിധ്യത്തിലാണ് നടന്നിട്ടുള്ളത്. ഹിന്ദി ഒരേയൊരു ഔദ്യോഗിക ഭാഷയായി അടിച്ചേൽപ്പിക്കാനുള്ള കേന്ദ്ര ബിജെപി സർക്കാരിന്റെ തീരുമാനത്തിനെതിരെ സേവ് എജ്യുക്കേഷൻ കമ്മിറ്റി ചെന്നൈയിൽ 2023ൽ സംഘടിപ്പിച്ച കൺവൻഷനിൽ കേരളത്തെ പ്രതിനിധാനംചെയ്ത് സംസാരിച്ചത് അനാരോഗ്യ അവസ്ഥയിലും ബിആർപി ആയിരുന്നു. എല്ലാ വിഷയങ്ങളിലും നിലപാടുകൾ കൃത്യവും വ്യക്തവുമായിരുന്നു. ഒരു പുരോഗമന, ഇടതുപക്ഷജനാധിപത്യ സമൂഹത്തിന്റെ ഉത്തമപ്രതിനിധി ആയിരുന്നു അവസാനശ്വാസംവരെ ബിആർപി ഭാസ്കർ. അദ്ദേഹത്തിന്റെ വിയോഗം ഇടതുപക്ഷ കേരളത്തിന്റെ തലമുതിർന്ന അവസാന കണ്ണികളിൽ ഒരാളെക്കൂടി നമുക്ക് നഷ്ടമാക്കിയിരിക്കുന്നു.

വിട, പ്രിയ ബിആർപി... ■

# ‘ജീവാനന്ദം’ പദ്ധതി: ജീവനക്കാരുടെ ശമ്പളത്തിൽനിന്നും വീണ്ടും തട്ടിപ്പറിക്കാനുള്ള വഞ്ചനാപരമായ നീക്കം

**2024**ലെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ‘ജീവാനന്ദം’ എന്ന പേരിൽ സംസ്ഥാന സർക്കാർ ജീവനക്കാർ വിരമിച്ചതിനു ശേഷം ഒരു നിശ്ചിത പ്രതിമാസ അന്വിറ്റി ലഭിക്കുന്ന തരത്തിൽ ഒരു ഇൻഷ്വറൻസ് പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് അതിന്റെ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് ഒരു ആക്ച്വറിയെ നിയമിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ധനകാര്യ വകുപ്പ് മെയ് 29ലെ സാ.ഉ. (സാധ) നം.4292/2024/ ധന നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിരിക്കുന്നു. അന്വിറ്റി എന്നത് പെൻഷന് പകരം മുതലാളിത്ത സാമ്പത്തിക ഏജൻസികൾ പറയുന്ന വാക്കാണ്. അതുകൊണ്ടുതന്നെ ഈ പദ്ധതി ജീവനക്കാരുടെ പെൻഷൻ ഇല്ലാതാക്കാനുള്ള ഗൂഢപദ്ധതിയാണെന്ന് നമുക്ക് കരുതേണ്ടിയിരിക്കുന്നു.

കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലും അതിനുശേഷവും സംസ്ഥാനസർക്കാരിന്റെസാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നത് ഒരു പ്ലാൻ ബി ആലോചിച്ചിട്ടുണ്ടെന്ന് ധനകാര്യ വകുപ്പ് മന്ത്രി പറയുന്നുണ്ട്. എന്നാൽ ഈ പ്ലാൻ ബി എന്താണെന്ന് ഇതുവരെയും വെളിപ്പെടുത്തിയിട്ടില്ല. സുപ്രീം കോടതി എന്താണ് പ്ലാൻ ബി എന്നു വെളിപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ ജീവനക്കാരുടെ ശമ്പളത്തിന്റെ ഒരു ഭാഗം ഇൻഷുറൻസിലേക്ക് എന്ന നിലയിൽ പിടിച്ചെടുക്കുന്നതിനുള്ള ഗൂഢനീക്കം ആണോ ജീവാനന്ദം പദ്ധതി ഇത്ര തിടുക്കപ്പെട്ട് സർക്കാർ നടപ്പിലാക്കൽ ശ്രമിക്കുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ആന്വറ്റി നൽകുന്ന പുതിയൊരു ഇൻഷുറൻസ് പദ്ധതിയുടെ യാതൊരു ആവശ്യകതയും ഇല്ല. ഇൻഷുറൻസ്ഡിപ്പാർട്ട്മെന്റ് എസ്എൽഐ, ഗ്രൂപ്പ് ഇൻഷുറൻസ് , ആക്സിഡന്റ് ഇൻഷുറൻസ് എന്നിങ്ങനെ മൂന്ന് ഇൻഷുറൻസ് പദ്ധതി ഇപ്പോൾ തന്നെ ജീവനക്കാരുടെ വിഹിതം പിരിച്ചുനടപ്പിലാക്കുന്നുണ്ട്. കൂടാതെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ അട്ടിമറിച്ച് 2013 മുതൽ പങ്കാളിത്ത പെൻഷൻ എന്ന പേരിൽ ആന്വറ്റി നൽകുന്ന ഒരു തട്ടിപ്പ് പദ്ധതി നിലനിൽക്കുന്നു. അത് പിൻവലിക്കുന്നതിനെപ്പറ്റി ഒരു സൂചനയും നൽകുന്നുമില്ല. അപ്പോൾ ഉറപ്പായും ശമ്പളം പിടിച്ചെടുക്കുന്നതിനും സ്റ്റാറ്റ്യൂട്ടറി പെൻഷൻ അസ്ഥിരപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുള്ള കിരാത പദ്ധതിയാണ് ജീവാനന്ദം.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും നിർത്തലാക്കുകയും അവശേഷിക്കുന്നതിനെ വിപണി അധിഷ്ഠിതമാക്കുകയുംചെയ്യുന്നതായികാണാൻ സാധിക്കും.

1) പങ്കാളിത്ത പെൻഷൻ എന്ന വിപണി അധിഷ്ഠിത പെൻഷൻ പദ്ധതി പുനഃപരിശോധിക്കും എന്ന വാഗ്ദാനം നൽകി അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് ഏഴുവർഷം കഴിഞ്ഞിട്ടും പുനഃപരിശോധനനടപടികൾപൂർത്തീകരിച്ചിട്ടില്ല. ജീവനക്കാരുടെ പണം ഗവൺമെന്റ് വിഹിതംകൂടി ചേർത്ത് നിർബാധം സാമ്പത്തിക വിപണിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു.

2) കാലങ്ങളായി നിലനിന്നിരുന്ന ഹൗസ് ബിൽഡിംഗ് അഡ്വാൻസ്- ട്രഷറിയിൽ നിന്നും ജീവനക്കാർക്ക് ലോൺ നൽകി ആകർഷകമായ തിരിച്ചടവ് വ്യവസ്ഥകളോടെ നടപ്പിലാക്കിയിരുന്ന ഈ ഭവന വായ്പ പദ്ധതി നിർത്തലാക്കിക്കൊണ്ട് ബാങ്കുകളിൽ നിന്നും പൊതുവിപണിയിലെ വ്യവസ്ഥകൾക്ക് വിധേയമായി വായ്പയെടുത്തുകൊള്ളാൻ നിർദ്ദേശിച്ചു. അതിന് പലിശ ഇളവ് നൽകുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഇന്നേവരെ അതിലുള്ള ഒരു നടപടികളും സ്വീകരിച്ചിട്ടില്ല.

3) മെഡിക്കൽ റിഇംപേഴ്മെന്റ് എന്ന സർക്കാർ നേരിട്ടു നടത്തിയിരുന്ന സൗജന്യ ചികിത്സാ പദ്ധതി അട്ടിമറിച്ചുകൊണ്ട്, ജീവനക്കാരുടെ പക്കൽ നിന്നും 500 രൂപ നിർബന്ധിതമായി പിടിച്ചെടുത്ത് ഇൻഷുറൻസ് വിപണിയിലേക്ക് നിക്ഷേപിക്കുന്ന പുതിയ പദ്ധതി ‘മെഡിസെപ്പ്’ എന്ന പേരിൽ ഈ ഗവൺമെന്റ് നടപ്പിലാക്കി. പക്ഷേ, ജീവനക്കാരുടെയും പെൻഷൻകാരുടെയും 500 രൂപ പ്രതിമാസം നഷ്ടപ്പെടുന്നു എന്നുള്ളതല്ലാതെ ഈ പദ്ധതിവഴി കാര്യമായ ഗുണം ഉണ്ടാവുന്നില്ല. മേൽപ്പറഞ്ഞ ഈ മൂന്നു പദ്ധതികളുടെ നടപ്പിലാക്കൽ വഴി സർക്കാർ ഉദ്ദേശിക്കുന്നത് ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകേണ്ടുന്ന ചുമതല ഒഴിയുക എന്നതും അതിന്റെ ഉത്തരവാദിത്വം ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് തന്നെ കണ്ടെത്തുക എന്നതുമാണ്. സർക്കാരിന് ഇതുവഴി രണ്ടു ഗുണമാണുള്ളത്. ഒന്ന്, ജീവനക്കാരിൽ നിന്ന് സർക്കാരിലേക്കെത്തുന്ന സാമ്പത്തികം. രണ്ടാമത്തേത്, ആഗോള സാമ്പത്തിക ശക്തികൾ നിർദ്ദേശിക്കുന്ന വിപണിവൽക്കരണത്തെ ത്വരിതപ്പെടുത്തൽ. അതുവഴി കൂടുതൽ വായ്പകൾ സംഘടിപ്പിക്കുക.

ഇത്തരത്തിലുള്ള അടുത്ത ചുവടുവയ്പ്പാണ് ജീവാനന്ദം പദ്ധതി. പ്രതിമാസം ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് പുതിയൊരു വിഹിതം പിടിച്ചെടുക്കുക, പെൻഷൻ പറ്റിയവർക്ക് നൽകേണ്ടുന്ന ആനുകൂല്യങ്ങളിൽ നിന്ന് ഒരു വലിയ തുക അന്വിറ്റിയിലേക്ക് നിക്ഷേപിക്കുവാൻ നിർബന്ധിരാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കാലക്രമേണ പദ്ധതിയെ സ്വകാര്യ ഇൻഷുറൻസ് മേഖലയിലേക്ക് കൈമാറുവാനും കഴിയും. ഇപ്പോൾ നിർബന്ധിതമല്ല എന്ന് പറയുന്ന നിക്ഷേപം പിന്നീട് നിർബന്ധിതമാക്കുവാനും അല്ലെങ്കിൽ അത്തരത്തിലുള്ള സമ്മർദ്ദങ്ങൾ ജീവനക്കാരുടെ മേൽ നടത്തുവാനും സർക്കാരിന് കഴിയും. കൂടാതെ ഈ പദ്ധതി ചൂണ്ടികാട്ടി ഭാവിയിൽ പെൻഷൻ തന്നെ നിർത്തലാക്കാനും കഴിയും. അതിനാൽ ഈ കുൽസിത പദ്ധതിക്കെതിരായ സമരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംരക്ഷിക്കാനുള്ള സമരം കൂടെയാണ്.




'ജീവാനന്ദം' പദ്ധതി പിൻവലിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ജോയിന്റ് പ്ലാറ്റ്ഫോം ഓഫ് ആക്ഷൻ(ജെപിഎ)യുടെ നേതൃത്വത്തിൽ ജൂൺ 13ന് തിരുവനന്തപുരത്ത് നടന്ന പ്രകടനം

ജീവനക്കാർ ആവശ്യപ്പെട്ടിട്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയല്ല ജീവാനന്ദം. ജീവനക്കാരുടെ കാലങ്ങളായുള്ള ആവശ്യം വിപണി അധിഷ്ഠിത പങ്കാളിത്ത പെൻഷൻ പിൻവലിക്കണമെന്നും ഉറപ്പുള്ള പെൻഷനായ സ്റ്റാറ്റ്യൂട്ടറി പെൻഷൻപുനഃസ്ഥാപിക്കണമെന്നുമാണ്. അതിനാൽ സർക്കാരിന്റെ ഈ തട്ടിപ്പ് പരിപാടി അവസാനിപ്പിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. ജീവനക്കാർ ഇതെല്ലാം കണ്ട് കാഴ്ചക്കാരായി നിന്നാൽ ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളത്തിന്റെ വലിയൊരു ഭാഗം കൂടി നഷ്ടപ്പെടുക എന്നതായിരിക്കും ഫലം. അതിനാൽ ഒരു സംയുക്ത പ്രക്ഷോഭത്തിന് മുഴുവൻ സംഘടനകളും തയ്യാറാകണം. സങ്കുചിത കക്ഷിരാഷ്ട്രീയം മാറ്റിവെച്ച് മുഴുവൻ ജീവനക്കാരും ഈ കിരാത പദ്ധതിക്കെതിരെ സമര രംഗത്തിറങ്ങുകയാണ് അടിയന്തരാവശ്യകത. ■

UNITY Malayalam Monthly

2024 June
Price: Rs. 10.00



സഖാവ് കെ.പി.കോസലരാമദാസ് അനുസ്മരണസമ്മേളനത്തിൽ എസ്‌യു സിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനസെക്രട്ടറി ജയ്സൺ ജോസഫ് പ്രസംഗിക്കുന്നു.

# കെ.പി.കോസല രാമദാസ് അനുസ്മരണം

**വി**ട്ടുവീഴ്ചയില്ലാതെ തൊഴിലാളി പക്ഷത്ത് നിലകൊണ്ട ട്രേഡ്‌യൂണിയൻനേതാവ്കെ.പി. കോസല രാമദാസിന്റെ അനുസ്മരണം സംഘടിപ്പിച്ചു. ജൂൺ 3ന് തിരുവനന്തപുരം പ്രസ്സ് ക്ലബ് ഹാളിൽ നടന്ന 11-ാമത് അനുസ്മരണ യോഗം വി.എം.സുധീരൻ ഉദ്ഘാടനം ചെയ്തു. എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടി സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് മുഖ്യപ്രസംഗം നടത്തി. ജനകീയപ്രതിരോധസമിതി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ, കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി എം.എൻ. അനിൽ, പി.എം.ദിനേശൻ, വി.പി.കൊച്ചുമോൻ, ബി. ഹരിലാൽ, എം.സി.കുട്ടപ്പൻ, ഡി.ഹരികൃഷ്ണൻ, ജെ.സുരേഷ് എന്നിവർ പ്രസംഗിച്ചു. ■

### നീറ്റ് 2024: ഉടൻ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുക

# എഐഡിഎസ്ഒ ജൂൺ 10ന് അഖിലേന്ത്യ പ്രതിഷേധദിനം ആചരിച്ചു

**2024**ലെ നീറ്റ് പരീക്ഷയിൽ ഉണ്ടായ ക്രമക്കേടുകളെ സംബന്ധിച്ച് ഉടൻ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും കുറ്റവാളികളെ ശിക്ഷിക്കണമെന്നും ആവശ്യപ്പെട്ട് എഐഡിഎസ്ഒ ജൂൺ 10ന് അഖിലേന്ത്യാ പ്രതിഷേധ ദിനം ആചരിച്ചു. രാജ്യമൊട്ടാകെ പ്രതിഷേധ പരിപാടികൾ നടന്നു. കർണ്ണാടകയിലെ കൽബുർഗിയിലും വെസ്റ്റ് ബംഗാളിലും നിരവധി വിദ്യാർത്ഥികൾ പ്രതിഷേധ പരിപാടികളിൽ അണിചേർന്നു. ഡൽഹി സംസ്ഥാന സെക്രട്ടറി ശ്രേയ സിംഗിന്റെ നേതൃത്വത്തിൽ, ഉടൻ പ്രശ്നപരിഹാരം ആവശ്യപ്പെട്ട് നാഷണൽ ടെസ്റ്റിംഗ് ഏജൻസിക്ക് നിവേദനം സമർപ്പിച്ചു.

കോട്ടയം ഗാന്ധിസ്ക്വയറിൽ നടന്ന പ്രതിഷേധ സംഗമം എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗം ഡോ.സുകന്യകുമാർ ഉദ്ഘാടനം ചെയ്തു. നീറ്റ് ആസ്പിരന്റ്സ് കളക്ടീവ് കൺവീനറും എഐഡിഎസ്ഒ സംസ്ഥാന കൗൺസിൽ അംഗവുമായ അന്ന സിബി അധ്യക്ഷത വഹിച്ചു. മെഡിക്കൽ സർവീസ് സെന്റർ ജോയിന്റ് സെക്രട്ടറി എം.കെ. ഷഹസാദ് മുഖ്യപ്രഭാഷണം നടത്തി. എഐഡിഎസ്ഒ കോട്ടയം ജില്ലാ പ്രസിഡന്റ് റലേഷ് ചന്ദ്രൻ, എസ്.ദീപ്തി, അനാമിക എസ്. ഗോപാൽ, ഡോ.സുബോധ് മാത്യു, ഹെലൻ തമ്പി തുടങ്ങിയവർ പ്രസംഗിച്ചു. ■




നീറ്റ് പരീക്ഷയിലെ ക്രമക്കേടുകളെക്കുറിച്ച് ജൂഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് ഗാന്ധിസ്ക്വയറിൽ എഐഡിഎസ്ഒ നടത്തിയ പ്രതിഷേധ സംഗമം ഡോ.സുകന്യകുമാർ ഉദ്ഘാടനം ചെയ്യുന്നു.

# കെഎസ്ഇ വർക്കേഴ്സ് യൂണിയൻ സെക്രട്ടേറിയറ്റ് ധർണ്ണ നടത്തി

**ഇ**ലക്ട്രിസിറ്റി ബോർഡിൽ സ്ഥിരപ്പെടുത്തപ്പെട്ട കരാർ തൊഴിലാളികൾക്ക് മുൻകാല പ്രാബല്യത്തോടെ പെൻഷൻ അനുവദിച്ച ഹൈക്കോടതിവിധി ഉടൻ നടപ്പിലാക്കുക, പിഎസ്‌സി ലിസ്റ്റിൽ ബാക്കിയുള്ള കരാർ തൊഴിലാളികളെ ഉടൻ മസ്ദൂറായി നിയമിക്കുക, വർക്കർമാരുടെ പ്രൊമോഷൻ ഉടൻ നടപ്പിലാക്കുക, ഡിഎ - ലീവ് സറണ്ടർ ഉടൻ നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ജൂൺ 3ന് കെഎസ്ഇ വർക്കേഴ്സ് യൂണിയൻ സെക്രട്ടേറിയറ്റിനു മുമ്പിൽ ധർണ്ണ നടത്തി. യൂണിയൻ ജനറൽ സെക്രട്ടറി എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു.




കെഎസ്ഇ വർക്കേഴ്സ് യൂണിയൻ സെക്രട്ടേറിയറ്റ് ധർണ ജനറൽ സെക്രട്ടറി സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു

യൂണിയൻ സംസ്ഥാന പ്രസിഡണ്ട് വി.കെ.സദാനന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി ബോണിഫസ് ബെന്നി, സംസ്ഥാന ട്രഷറർ ജെ. സുരേഷ്, പി.എം.ദിനേശൻ, പി. നന്ദകുമാർ, അബ്ദുൾ ഖാദർ, വി.ടി. ശശി, യു.എൻ.ബിനു, കെ.ഷാജി, ബാബു അബ്രഹാം, അനൂപ് ജോൺ, സി.ജെ.വർഗ്ഗീസ്, സജിമോൻ, കെ. സജി എന്നിവർ പ്രസംഗിച്ചു. ■

### കരിമണൽ ഖനനവിരുദ്ധ സമരം...



അനിശ്ചിതകാല സത്യാഗ്രഹം മൂന്നുവർഷം പിന്നിട്ട തോട്ടപ്പള്ളി കരിമണൽ ഖനനവിരുദ്ധ സമരപന്തലിൽ കൺവീനർ എസ്.സുരേഷ് പ്രസംഗിക്കുന്നു.

# ആലപ്പുഴ മെഡിക്കൽ കോളജിന്റെ ശോച്യാവസ്ഥ പരിഹരിക്കുക; ധർണ്ണ സംഘടിപ്പിച്ചു

**ആ**വശ്യത്തിന് ഡോക്ടർമാരും നഴ്സുമാരും പാരാ മെഡിക്കൽ സ്റ്റാഫും ജീവൻ രക്ഷാ മരുന്നുകളും ഇല്ലാതെ പ്രതിസന്ധിയിലായിരിക്കുന്ന സർക്കാരാശുപത്രികളുടെ ശോച്യാവസ്ഥ ഉടൻ പരിഹരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് മുന്നിൽ ബഹുജന ധർണ്ണ നടന്നു. ധർണ്ണ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു.

അമ്പലപ്പുഴ വടക്ക് ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ. ആർ.ശശി അധ്യക്ഷത വഹിച്ചു. ആർ.അർജ്ജുനൻ സ്വാഗതം പറഞ്ഞു. ജില്ലാ സെക്രട്ടേറിയറ്റ് അംഗങ്ങളായ എസ്.സൗഭാഗ്യകുമാരി, അഡ്വ. എം എ.ബിന്ദു, ടി.മുരളി, എൻ.കെ. ശശികുമാർ, കെ.ജെ.ഷീല, ടി. ആർ.രാജിമോൾ, കെ. ആർ.ഓമനക്കുട്ടൻ, വർഗീസ് ജോർജ്, കെ. പി. മനോഹരൻ, വി.പി.വിദ്യ, ടി. ഷിജിൻ എന്നിവരും പ്രസംഗിച്ചു. ടി.കോശി, പി.കെ.ശശി, എം.മുരളി തുടങ്ങിയവർ ധർണ്ണക്ക് നേതൃത്വം നൽകി. ടി.വിശ്വകുമാർ നന്ദി പറഞ്ഞു. ■




മെഡിക്കൽ കോളജ് ധർണയെ സഖാവ് കെ.ജെ.ഷീല അഭിസംബോധന ചെയ്യുന്നു.

### ഇ-ഗ്രാന്റ്സ് ഫെല്ലോഷിപ്പ് ഉടൻ വിതരണം ചെയ്യുക

# ഡമോക്രാറ്റിക് റിസർച്ച് സ്കോളേഴ്സ് ഓർഗനൈസേഷൻ സെക്രട്ടേറിയറ്റ് ധർണ്ണ

**ഇ**-ഗ്രാന്റ്സ് ഫെല്ലോഷിപ്പ്, കണ്ടിജൻസി ഗ്രാന്റ് എന്നിവ ഉടൻ കുടിശ്ശിക തീർത്ത് നൽകുക, എല്ലാ ഫെല്ലോഷിപ്പുകളുടെയും ഗ്രാന്റുകളുടെയും പ്രതിമാസ വിതരണം ഉറപ്പാക്കുക എന്നീ ഡിമാൻഡുകൾ ഉന്നയിച്ചുകൊണ്ട് ഡിആർഎസ്ഒ സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് ധർണ്ണ ഡോ.ജെ.ദേവിക ഉദ്ഘാടനം ചെയ്തു. നാഷണൽ റിസർച്ച് ഫൌണ്ടേഷൻ രൂപീകരണം സ്വതന്ത്ര ഗവേഷണത്തെ തടയുന്നതിനും, ഗവേഷണത്തിൽ വ്യവസായിക-രാഷ്ട്രീയ താല്പര്യങ്ങളെ ലക്ഷ്യം വെച്ചുകൊണ്ടുമാണെന്ന് ഡിആർഎസ്ഒ ദേശീയ പ്രസിഡന്റ് അകിൽ മുരളി മുഖ്യപ്രസംഗത്തിൽ പറഞ്ഞു.




ഡിആർഎസ്ഒ സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് ധർണ ഡോ.ജെ.ദേവിക ഉദ്ഘാടനം ചെയ്യുന്നു.

ഡിആർഎസ്ഒ സംസ്ഥാന കൺവീനർ അജിത് മാത്യു അധ്യക്ഷത വഹിച്ചു. ഓൾ ഇന്ത്യ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ഡോ. വൈ.ജോൺസൻ, ഡിആർഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗങ്ങൾ ലക്ഷ്മി ആർ ശേഖർ, റലേഷ് ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. ■

Volume: 51 No: 3 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.